അടിയന്തര പ്രമേയം

ഗുണ്ടാ-മാഫിയ അക്രമം

മി. സ്പീക്കർ: സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുണ്ടാ-മാഫിയാ സംഘത്തിന്റെയും ലഹരി മാഫിയയുടെയും അതിക്രമവും അഴിഞ്ഞാട്ടവും നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ട പശ്ചാത്തലത്തിലും ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന അനർഹരായ കുറ്റവാളികൾക്ക് ശിക്ഷയിളവ് നൽകാൻ നടക്കുന്ന നീക്കങ്ങൾ സൃഷ്ടിച്ചിട്ടുള്ള ഗൗരവതരമായ അവസ്ഥയും നിയമ സമാധാനത്തകർച്ചയും സംബന്ധിച്ച സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തര പ്രമേയത്തിൽ പ്രതിപാദിക്കുന്നതുപോലുള്ള ഗുണ്ടാ-ക്വട്ടേഷൻ-മാഫിയാ പ്രവർത്തനം സംസ്ഥാനത്ത് നിലനിൽക്കുന്നില്ല. സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ചില സംഭവങ്ങളിൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 01-11-2016-മുതൽ ഗുണ്ടാ-ക്വട്ടേഷൻ സംഘങ്ങളെ

അമർച്ച ചെയ്യുന്നതിന് പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് ആന്റി ഗുണ്ടാ സ്ക്വാഡും എല്ലാ ജില്ലകളിലും ഗുണ്ടാ വിരുദ്ധ സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്. സാമൂഹ്യവിരുദ്ധരെപ്പറ്റിയുള്ള വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവികളെയും ജില്ലാ കളക്ടർമാരെയും റേഞ്ച് ഐ.ജി.മാരെയും അറിയിച്ചും റൗഡി ഹിസ്റ്ററി ഷീറ്റുകൾ ഓപ്പൺ ചെയ്തും ഇവരുടെ പേരിൽ ക്രിമിനൽ നടപടി നിയമത്തിലെ സുരക്ഷാ നടപടിക്രമങ്ങൾ പ്രകാരം ബോണ്ടുകൾ വയ്പിച്ചും 'കാപ്പ' ആക്ട് ഉൾപ്പെടെയുള്ള കർശനമായ നിയമാനുസൃത മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 9 മാസം പിന്നിടുമ്പോൾ 'കാപ്പ' ആക്ട് പ്രകാരം 171 പേർക്കെതിരെ നടപടിയാരംഭിക്കുകയും അതിൽ 114 പേർക്കെതിരെ വകുപ്പ് 3 പ്രകാരം ജില്ലാ കളക്ടർമാർക്കും 57 പേർക്കെതിരെ വകുപ്പ് 15 പ്രകാരം റേഞ്ച് ഐ.ജി.മാർക്കും റിപ്പോർട്ടുകളയച്ചിട്ടുണ്ട്. വകുപ്പ് 3 പ്രകാരം 29 ഡിറ്റെൻഷൻ ഉത്തരവുകളും വകുപ്പ് 15 പ്രകാരം 18 റെസ്ട്രിക്ഷൻ ഉത്തരവുകളും നടപ്പാക്കിയിട്ടുണ്ട്. 19-02-2017 മുതൽ 27-02-2017 വരെയുള്ള ഒരാഴ്ചക്കാലയളവിൽ രഹസ്യാന്വേഷണ വിഭാഗം തയ്യാറാക്കി ജില്ലാ പോലീസ് മേധാവികൾക്ക് അയച്ചുകൊടുത്ത പട്ടികപ്രകാരം ജില്ലാ പോലീസ് മേധാവികൾ നടപടി സ്വീകരിച്ചുകഴിഞ്ഞു. പുതുതായി 60 പേരുടെ റൗഡി ഹിസ്റ്ററി ഷീറ്റ് ഓപ്പൺ

ചെയ്യുകയും 151 സി.ആർ.പി.സി. പ്രകാരം (കരുതൽ അറസ്റ്റ്) 1065 പേരെ കരുതൽ അറസ്റ്റ് ചെയ്യുകയും 107 സി.ആർ.പി.സി. (നല്ല നടപ്പിനുള്ള ബോണ്ട് വയ്ക്കൽ) പ്രകാരം 148 പേർക്കെതിരെയും 110 സി.ആർ.പി.സി. (സ്ഥിരം കുറ്റവാളികൾക്കുള്ള ബോണ്ട് വയ്ക്കൽ) പ്രകാരം 2 പേർക്കെതിരെയും നല്ല നടപ്പിന് ബോണ്ട് എക്സിക്യൂട്ട് ചെയ്യും 'കാപ്പ' ആക്ട് പ്രകാരം 7 പേർക്കെതിരെ നടപടി ആരംഭിക്കുകയും ചെയ്തു. വരുംദിവസങ്ങളിലും ഇത്തരം നടപടികൾ തുടരുന്നതാണ്. മുൻകാലത്ത് ജനകീയ സമരങ്ങളിൽ പങ്കെടുത്തവർക്കെതിരെയാണ് 'കാപ്പ' ചുമത്തിയിരുന്നത്. ഇപ്പോൾ അങ്ങനെയൊരു ആക്ഷേപത്തിന് യാതൊരു പഴുതുമില്ല. സംസ്ഥാനത്ത് പിടിച്ചുപറി, കയ്യേറ്റങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, രാഷ്ട്രീയ കൊലപാതകങ്ങൾ എന്നിവയ്ക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസും പൊതുജനങ്ങളുമായുള്ള ബന്ധം മെച്ചപ്പെട്ടതിനാൽ ജനങ്ങൾ നിർഭയരായി പോലീസ് സ്റ്റേഷനുകളിലെത്തുകയും മുമ്പ് നിസ്സാരമായി കണ്ട് പോലീസിൽ പരാതിപ്പെടാതിരുന്ന ചെറിയ സംഭവങ്ങൾപോലും പരാതിപ്പെടാനും തുടങ്ങിയിട്ടുണ്ട്. ഇത് സംസ്ഥാനത്ത് കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിന് ഒരു ഘടകമായി തീർന്നിട്ടുണ്ട്. നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (എൻ.ഡി.പി.എസ്.) ആക്ട് പ്രകാരമുള്ള

കേസുകളിൽ പോലീസ്/എക്സൈസ് വകുപ്പ് ശക്തമായ നടപടി സ്വീകരിച്ചതുകൊണ്ടാണ് കേസുകളുടെ എണ്ണത്തിലും കണ്ടെടുത്ത ലഹരി വസ്തുക്കളിലും വർദ്ധനവുണ്ടായത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ ദ്രുതഗതിയിൽ ശക്തമായ നടപടികളാണ് സംസ്ഥാന പോലീസ് സ്വീകരിച്ചുവരുന്നത്. സമീപകാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടായ സംഭവങ്ങളിൽ പോലീസ് ശ്ലാഘനീയമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. ഉയർന്നുവന്ന പരാതികളിലെല്ലാം ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ കേസുകളിലെല്ലാംതന്നെ പ്രതികളെ വളരെ പെട്ടെന്ന് അറസ്റ്റ് ചെയ്ത് നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീ സുരക്ഷയ്ക്ക് മുൻഗണന നൽകുന്ന നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. സ്ത്രീകളെ കാണാതാകുന്ന കേസുകളിലും ഗുരുതരമായ ലൈംഗിക കുറ്റകൃത്യങ്ങൾ സംബന്ധിച്ച കേസുകളിലും പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് ഫലപ്രദമായ അന്വേഷണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു. ലൈംഗിക കുറ്റവാളികളെ തിരിച്ചറിയാനുള്ള എല്ലാ വിവരങ്ങളും അടങ്ങുന്ന ഒരു രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനുകളിലും തയ്യാറാക്കി സൂക്ഷിക്കുന്നതിന് തീരുമാനിച്ച വിവരം ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന

പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതാണ്. അതുപ്രകാരം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ലൈംഗിക കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരുടെ വിവരം ശേഖരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് ഒരു പരിധിവരെ ഒഴിവാക്കാനിടയാക്കും. ജയിൽ ശിക്ഷ അനുഭവിക്കുന്നവർക്ക് പ്രത്യേക ശിക്ഷായിളവ് പ്രഖ്യാപിക്കുന്ന കീഴ്വഴക്കം സംസ്ഥാനത്ത് നിലവിലുണ്ട്. ഇത് ഗുണ്ടകളെ സംരക്ഷിക്കുന്ന നടപടിയെന്ന് വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഭരണഘടനയുടെ 161-ാം അനുച്ഛേദപ്രകാരമുള്ള സവിശേഷ അധികാരമുപയോഗിച്ച് പ്രത്യേക അവസരങ്ങളിൽ ശിക്ഷയിളവ് നൽകുന്നതിന് സംസ്ഥാനത്തിന് വിവേചനാധികാരമുണ്ട്. പരോളുകളും ഇളവുകളും ലീവും ശിക്ഷയുടെ മൂന്നിലൊന്ന് കവിയാൻ പാടില്ല. ഇപ്രകാരം പരിഗണിക്കുമ്പോൾ 432 സി.ആർ.പി.സി. 433 (എ) പ്രകാരം ജീവപര്യന്തം ശിക്ഷയനുഭവിക്കുന്ന തടവുകാർക്ക് ശിക്ഷയിളവ് നൽകുന്നതിന് 14 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കണമെന്ന് നിബന്ധനയുണ്ട്. ഏറ്റവും അവസാനമായി തടവുകാർക്ക് ശിക്ഷയിളവ് സർക്കാർ പ്രഖ്യാപിച്ചത് 29-10-2012-ലാണ്. ഇത്തരം നടപടികളുടെ തുടർച്ച എന്ന നിലയിലാണ് 2016-ൽ കേരളപ്പിറവിയുടെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി പ്രത്യേക ശിക്ഷയിളവ് നൽകുന്നതിന്

സർക്കാർ തീരുമാനിച്ചത്. യു.ഡി.എഫ്. സർക്കാർ മാനദണ്ഡങ്ങളനുസരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കാത്തതുകൊണ്ടാണ് നേരത്തെ അനുമതി ലഭിക്കാതെ പോയത്. നേരത്തെയുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഈ ലിസ്റ്റ് തയ്യാറാക്കാനുള്ള വ്യക്തമായ നടപടിക്രമങ്ങളാണ് ഇപ്പോഴത്തെ സർക്കാർ സ്വീകരിച്ചത്. താഴെപ്പറയുന്ന വിഭാഗങ്ങളെ ഇതിൽനിന്നും ഒഴിവാക്കുകയും ചെയ്തു.

1. വാടകക്കൊലയാളികളും കൊലപാതകം തൊഴിലാക്കിയവരും
2. ജാതിമത വർഗ്ഗീയ കാരണങ്ങളാൽ കൊലപാതകം നടത്തിയവരും രാജ്യ സുരക്ഷയ്ക്ക് ഭീഷണിയുണ്ടാക്കിയവരും രാജ്യ സുരക്ഷയ്ക്കെതിരായി കുറ്റം ചെയ്ത് ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നവരും.
3. കള്ളക്കടത്ത് നടത്തുമ്പോൾ കൊലപാതകം ചെയ്തവരും ജയിൽ ഉദ്യോഗസ്ഥർ, ജയിൽ സന്ദർശകർ, ഔദ്യോഗിക കൃത്യനിർവ്വഹണത്തിലേർപ്പെട്ടിരുന്ന സർക്കാർ ഉദ്യോഗസ്ഥർ എന്നിവരെ വധിച്ചവരും.
4. സ്ത്രീകളെയും കുട്ടികളെയും ലൈംഗികമായി പീഡിപ്പിച്ച് കൊന്നവർ, മുൻവിധിയോടുകൂടി സ്ത്രീകളെയും കുട്ടികളെയും 65 വയസ്സിനുമേൽ പ്രായമുള്ള മുതിർന്ന പൗരന്മാരെയും വധിച്ചവരും.
5. നർക്കോട്ടിക് ഡ്രഗ്സ് ആന്റ് സൈക്കോട്രോപിക് സബ്സ്റ്റൻസസ്

(എൻ.ഡി.പി.എസ്.) ആക്ട് പ്രകാരം ശിക്ഷിക്കപ്പെട്ടവരും

6. അയൽ സംസ്ഥാനത്തെ കോടതികളാൽ ശിക്ഷിക്കപ്പെട്ടവരും വിദേശികളും.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളനുസരിച്ച് വിവിധ ജയിലുകളിൽനിന്നും 2,262 തടവുകാരുടെ പ്രൊപ്പോസൽ ജയിൽ വകുപ്പ് സർക്കാരിന് സമർപ്പിച്ചു. ഇത് പരിശോധിക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ സ്ക്രൂട്ടിനിയുടെ അടിസ്ഥാനത്തിൽ അർഹരെന്ന് കണ്ടെത്തിയവരുടെ ഒരു ലിസ്റ്റാണ് സർക്കാർ പരിഗണിച്ചത്. സർക്കാർ പ്രത്യേക ശിക്ഷയിളവ് പ്രഖ്യാപിക്കുമ്പോൾ 1,880 തടവുകാർ ജയിലിൽനിന്ന് മോചിതരാകുമെന്ന വിധത്തിലുള്ള പ്രചരണം വസ്തുതാപരമല്ല. മയക്കുമരുന്ന് കേസിലും ഗുണ്ടാ ലിസ്റ്റിലും ഉൾപ്പെട്ട തടവുകാർക്ക് ശിക്ഷയിളവ് നൽകുന്നുവെന്ന പ്രചരണവും യാഥാർത്ഥ്യങ്ങൾക്ക് നിരക്കുന്നതല്ല. ഇതിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിൽ ഉന്നയിക്കുന്നതുപോലെ ഒരു അടിയന്തര സാഹചര്യവും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഈ വിഷയം പ്രത്യേകമായി ചർച്ച ചെയ്യേണ്ടതില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നാലഞ്ച് വിഭാഗത്തിൽപ്പെട്ടവർക്ക് റിസംപ്ഷൻ നൽകാൻ കഴിയില്ലായെന്നതാണ് അങ്ങയുടെ ആദ്യത്തെ ആർഗ്യുമെന്റ്. ടി. പി. ചന്ദ്രശേഖരൻ വധക്കേസ്സിൽ വാടകക്കൊലയാളികളാണെന്ന് കോടതി

വിധിക്കകത്തുതന്നെ പറഞ്ഞിട്ടുള്ളവരുടെ പേരുകൾ റിസംപ്ഷനുവേണ്ടി തയ്യാറാക്കിയ 1850 പേരടങ്ങുന്നവരുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇവിടെ അങ്ങ് പറഞ്ഞതിനെയൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. 1850 പേരടങ്ങുന്ന ചുരുക്കപ്പട്ടികയിൽ വാടകക്കൊലയാളിയെന്ന് കോടതി പറഞ്ഞിട്ടുള്ളവരുടെ പേരുണ്ടോ, ഉണ്ടെങ്കിൽ ഈ സഭയെ അങ്ങ് ദയവായി അറിയിക്കണം. ഇപ്പോൾ എല്ലാ സ്ഥലത്തും ക്രിമിനൽ ആക്ടിവിറ്റീസ് കൂടുകയാണ്. "കാലൊച്ച കേൾക്കവെ വാതിൽ തുറക്കണം" എന്നാണ് 2016-ലെ ഗവർണ്ണറുടെ ആദ്യ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിച്ചത്. ഇപ്പോൾ കാലൊച്ച കേൾക്കവെ കതക് പൂട്ടിയടച്ച് വീടിനകത്തേയ്ക്ക് വലിയുന്ന രൂപത്തിലാണ് ആളുകൾ നിൽക്കുന്നത്. എട്ട് മാസക്കാലത്തിനുള്ളിൽ 3200 അക്രമങ്ങൾ സ്ത്രീകൾക്കെതിരെ ഉണ്ടായിട്ടുണ്ട്. മൊത്തം കേസ്സുകൾ 1,75,000. അതിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമം - 680, സ്ത്രീപീഡനക്കേസ്സുകൾ - 1100, ലഹരി കേസ്സുകൾ - 4200, ദളിതർക്കെതിരെയുള്ള അക്രമം -7200. കഴിഞ്ഞ UDF സർക്കാരിന്റെ ആദ്യത്തെ 8 മാസവും ഇപ്പോഴത്തെ LDF സർക്കാരിന്റെ ആദ്യത്തെ 8 മാസവും തമ്മിലുള്ള കമ്പാരിസൺ നോക്കിയാൽ പഴയകാലഘട്ടത്തെക്കാൾ 6100 കേസ്സുകളുടെ വർദ്ധനവാണുണ്ടായിട്ടുള്ളത്. ഇതൊരു വർദ്ധനവല്ലേ? ഈ

കേസ്സുകളിലെ പ്രതികളെല്ലാം അഴിഞ്ഞാടുകയാണ്. ഞാൻ ഇവിടെ അഞ്ച് കേസ്സുകൾ അങ്ങയെ ബോധ്യപ്പെടുത്താം. ഈ അഞ്ചുകേസ്സുകളിലെ പ്രതികളെ എന്തുകൊണ്ട് പോലീസ് പിടിച്ചില്ല? മുളവുകാട് കേസിലെ പ്രതികൾക്ക് ജാമ്യം നിഷേധിച്ചതാണ്. അവസാനം അവർ കോടതിയിൽപ്പോയി സറണ്ടർ ചെയ്യുകയാണ് ചെയ്തത്. കോടതിയിൽ പോയി സറണ്ടർ ചെയ്യുന്നതുവരെ പോലീസ് കാത്തിരുന്നു. എന്തിനാണവർക്ക് സാവകാശം നൽകിയത്? എട്ട് വയസ്സുള്ള ഒരു പാവപ്പെട്ട പെൺകുട്ടിയെ ബലാത്സംഗം ചെയ്ത കേസിലെ പ്രതിയാണ് മുളവുകാട് കേസിലെയും പ്രതി. ആ പ്രതിയെ 16 ദിവസമായിട്ടും പോലീസ് കസ്റ്റഡിയിലെടുക്കാത്തതിനെതിരെ മാർച്ച് നടത്തുകയും റോഡ് ഉപരോധിക്കുകയും ചെയ്തവരുടെ തല തല്ലിപ്പൊട്ടിച്ചില്ലെ; പാവപ്പെട്ടവർക്കെതിരെ പോലീസ് നടപടിയുണ്ടായില്ലെ? ഇത്തരം പ്രതികൾക്ക് കോടതിയിൽ പോയി സറണ്ടർ ചെയ്യാനുള്ള സാവകാശമൊരുക്കിയത് എന്ത് അടിസ്ഥാനത്തിലാണ്? ഷിജിൽ എന്നാണ് ആ പ്രതിയുടെ പേര്. അതുപോലെ XXXXXXX+ കീഴടങ്ങുന്നതിനുള്ള സാവകാശമൊരുക്കികൊടുത്തു. അയാൾ കോടതിയിൽ കീഴടങ്ങി. കൊച്ചിൻ യൂണിവേഴ്സിറ്റിയുടെ ഫെസ്റ്റിവലിൽ ഈ പറയുന്ന XXXXXX+ സ്വാഗത സംഘത്തിന്റെ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 27-2-2017-ലെ ഫയൽ നമ്പർ 900/ഇ.ബി/2017/നിസെ പ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ 27-2-2017-ലെ ഫയൽ നമ്പർ 900/ഇ.ബി./2017/നിസെ പ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ചെയർമാനായി. സ്വാഗതസംഘം ചെയർമാനായി ഇദ്ദേഹത്തെ തെരഞ്ഞെടുക്കുന്ന സമയത്ത് പോലീസ് അവിടെ കാവൽ നിൽക്കുകയായിരുന്നു. പോലീസിന്റെകൂടി സാന്നിദ്ധ്യത്തിൽ അയാൾ സ്വാഗതസംഘം ചെയർമാനായി, രാജാവായി വിരാജിക്കുകയാണ്. സി.ബി.ഐ. അന്വേഷിച്ചുകൊണ്ടിരിക്കുന്ന കേസ്സാണ് രാമഭദ്രൻ കേസ്. രാമഭദ്രനെ കൊലചെയ്തുവെന്ന കേസ്സിലെ പ്രതി പി. എ. സുമൻ സി.പി.ഐ. (എം)-ന്റെ ഏരിയ കമ്മിറ്റി സെക്രട്ടറിയല്ലേ? ആ ഏരിയ കമ്മിറ്റി സെക്രട്ടറി അവസാനം കോടതിയിൽ സറണ്ടർ ചെയ്യുകയല്ലേ ചെയ്തത്? 2016 ആഗസ്റ്റ് മാസം 8-ാം തീയതി ഈരാറ്റുപേട്ടയിൽ സി.പി.ഐ.(എം)-ന്റെ മുൻ ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ. എം. നസീറിനെ കൊലചെയ്ത കേസ്സിലെ പ്രതികൾ കോടതിയിൽ കീഴടങ്ങിയവരാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ ഏരിയ കമ്മിറ്റി സെക്രട്ടറിയെ കൊന്ന കേസ്സിൽപ്പോലും പ്രതികൾക്ക് കോടതിയിൽ പോകാനുള്ള സാവകാശം നൽകുകയാണ് ചെയ്തത്. ഇവിടെ പ്രതിയായിട്ടുള്ളവർക്ക് ഇതുപോലെയുള്ള സാവകാശം പോലീസ് നൽകുന്നു; അവർ കോടതിയിൽ പോയി കീഴടങ്ങുന്നു; അവിടെനിന്ന് അവർ രക്ഷപ്പെടുന്നു. ഇൻവെസ്റ്റിഗേഷൻ ഒഴിവാക്കാനല്ലേ ഇവർ കോടതിയിൽ കീഴടങ്ങുന്നത്. ഇൻവെസ്റ്റിഗേഷൻ ഒഴിവാക്കി രക്ഷപ്പെടുന്നതിനുവേണ്ടി നടത്തുന്ന നടപടിയോട് ആർക്കെങ്കിലും യോജിക്കാൻ

കഴിയുമോ? ഇവിടെ ഗുണ്ടകൾ അഴിഞ്ഞാടുകയല്ലേ? മണ്ണാർക്കാട് ഗുണ്ടാ സംഘത്തിൽപ്പെട്ട ആളുകൾ പഞ്ചായത്ത് പ്രസിഡന്റിനെ അടിച്ച് പരിക്കേൽപ്പിച്ചു. എന്തെങ്കിലും നടപടിയുണ്ടായോ? ഗുണ്ടാസംഘം മണ്ണാർക്കാട് മുനിസിപ്പൽ കൗൺസിലറുടെ കാറിന് ബോംബ് വച്ചു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ചോദ്യത്തിന് അങ്ങിവിടെ ഉത്തരമായി പറഞ്ഞത് ഇതുപോലുള്ള അക്രമങ്ങളൊന്നും ഈയടുത്തകാലത്ത് റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നാണ്. എന്നാൽ അത്തരം കേസ്സുകൾ ഇപ്പോൾ വന്നിട്ടുണ്ട്. ഗുണ്ടാസംഘങ്ങൾക്കെതിരെ പോലീസ് എന്തെങ്കിലും നടപടിയെടുത്തോ? കഴിഞ്ഞയാഴ്ച ഗുണ്ടകൾ കണ്ടമംഗലത്ത് വീട് തകർത്ത് ഗൃഹനാഥനെ കൊല്ലാൻ ശ്രമിച്ചു. അവർക്കെതിരെ എന്തെങ്കിലും നടപടിയെടുത്തോ? ഒരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല എന്നുമാത്രമല്ല ഗുണ്ടകൾക്കനുകൂലമായി പ്രവർത്തിക്കുകയും ചെയ്തു. മഹാരാജാസ് കോളേജിലെ പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചിട്ട് എന്ത് നടപടിയുണ്ടായി; പാലക്കാട് വിക്ടോറിയ കോളേജിൽ അക്രമം നടത്തിയ ഗുണ്ടകൾക്കെതിരെ എന്ത് നടപടിയുണ്ടായി? നീതി നടപ്പാക്കിയ പ്രിൻസിപ്പാളിന്റെ പ്രതീകാത്മക ശവസംസ്കാരച്ചടങ്ങ് നടത്തിയില്ലേ; അവർക്കെതിരെ എന്ത് നടപടിയുണ്ടായി? ഏറ്റവും അവസാനം ഡി.ജി.പി. സെൻകുമാറിനെതിരെ സുരക്ഷാ ഭീഷണി

വന്നിരിക്കുന്നു, അദ്ദേഹത്തിന്റെ വീടിന് പോലീസ് കാവൽ നിൽക്കുന്നുവെന്നാണ് ഇന്നത്തെ മാധ്യമങ്ങളിൽ കാണുന്ന വാർത്ത. ഇവിടെ ഡി.ജി.പി.ക്കുപോലും രക്ഷയില്ലേ? അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് മാർച്ച് നടത്താൻ പോകുന്നു. അദ്ദേഹത്തിനും സംരക്ഷണമില്ലാത്ത ഒരവസ്ഥ ഉണ്ടായിരിക്കുകയാണ്. ജയിലിലെ റിസംപ്ഷനെക്കുറിച്ച് അങ്ങിവിടെ പറഞ്ഞത് ഒന്നുകൂടി ക്ലാരിഫൈ ചെയ്യണം. ജിഷ്ണു പ്രണോയിയുടെ അമ്മ മകന്റെ മരണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് ഒരു കത്തയച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. " 28-ാം തീയതിവരെ കാത്തിരിക്കും, എന്നിട്ടും പ്രതികളെ അറസ്റ്റുചെയ്യുന്നില്ലെങ്കിൽ നാട്ടുകാരെയും കൂട്ടി ഞങ്ങൾ സെക്രട്ടേറിയറ്റിന്റെ നടയിലേയ്ക്ക് വരും" എന്നാണ് ജിഷ്ണു പ്രണോയിയുടെ അമ്മ പറഞ്ഞിട്ടുള്ളത്. പ്രതികളെ അറസ്റ്റുചെയ്യാതെ മുഖ്യമന്ത്രി എന്റെ വീട്ടിലേയ്ക്ക് വരികയേ വേണ്ട എന്നുകൂടി അവർ പരസ്യമായി പറഞ്ഞിട്ടുണ്ട്. പഴയ ഒരു എസ്.എഫ്.ഐ.ക്കാരനായിരുന്ന ഈ കുട്ടിയുടെ മരണത്തിൽ എന്തെങ്കിലും നടപടിയെടുക്കാൻ ശ്രമിക്കുണ്ടോ?

ഇപ്പോൾ സദാചാര ഗുണ്ടകൾ അഴിഞ്ഞാടുകയാണ്. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ തൊട്ടപ്പുറത്തുള്ള യൂണിവേഴ്സിറ്റി കോളേജിൽ ഒരു പെൺകുട്ടിയെയും സുഹൃത്തിനെയും സദാചാര ഗുണ്ട ചമഞ്ഞ് 13 എസ്.എഫ്.ഐ.ക്കാരാണ്

അക്രമിച്ചത്. അവർക്കെതിരെ എന്തെങ്കിലും നടപടി എടുത്തോ? പരാതിയുണ്ടായിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ മടികാണിച്ചുവെന്നു പറഞ്ഞുകൊണ്ട് പെൺകുട്ടി ദേശീയ വനിതാ കമ്മീഷന് പരാതി നൽകി. മുഖ്യമന്ത്രിയെയും കണ്ട് പരാതിപ്പെട്ടുവെന്നാണ് ഞാൻ പത്രത്തിൽ വായിച്ചത്. മുഖ്യമന്ത്രിയെക്കണ്ട് പരാതിപ്പെട്ടിട്ടും ഒരു നടപടിയുമുണ്ടായില്ല. ഇവിടെ സദാചാര ഗുണ്ടകളുടെ അഴിഞ്ഞാട്ടം നടക്കുകയാണ്. അവസാനം പരാതിക്കാർക്കെതിരെ കേസ് എടുക്കുകയാണ്. ഇത് എന്ത് നടപടിയാണ്? കൊല്ലം അഴീക്കലിൽ സദാചാര ഗുണ്ടായിസത്തിന് ഇരയായ അനീഷ് ആത്മഹത്യ ചെയ്യുന്നതിനുമുമ്പ് സ്വന്തം അമ്മയ്ക്ക് എഴുതിയ ഒരു കത്ത് ഇന്ന് പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. "അമ്മയ്ക്ക് കണ്ണുനീർ മാത്രമേ തന്നിട്ടുള്ളൂ. ഇനി ഒരു ജീവിതം എനിക്കില്ല. ലോകം മുഴുവൻ ഞാൻ തെറ്റുകാരനാണെന്ന് പറഞ്ഞിട്ടും അമ്മ എന്നെ ചേർത്തുപിടിച്ചു. ഇനി ഒരു ജന്മമുണ്ടെങ്കിൽ ഞാൻ അമ്മയുടെ മകനായി ജനിക്കണം. ഞാൻ പോയിക്കഴിഞ്ഞാൽ എന്റെ മുറി അമ്മയ്ക്കു മാത്രം. സ്വന്തം ഏട്ടനെ എന്തുപറഞ്ഞ് സമാധാനിപ്പിക്കണം എന്ന് എനിക്കറിയില്ല. സോറി, വാക്ക് പാലിക്കാൻ പറ്റിയില്ല" . ഇങ്ങനെ പറഞ്ഞ് സ്വന്തം അമ്മയ്ക്ക് യാത്രാമൊഴി എഴുതിവച്ചതിനുശേഷം സദാചാര ഗുണ്ടായിസത്തിന് വിധേയനായി ജീവനൊടുക്കിയ

ഒരു കുട്ടിയുടെ അവസാനത്തെ കത്താണ് നമ്മുടെ മുമ്പിലിരിക്കുന്നത്. സർക്കാർ എന്തെങ്കിലും നടപടിയെടുക്കണ്ടേ? ഒരു നടപടിയുമെടുത്തില്ല. ഇവിടെ ഗുണ്ടായിസം വിളയാടുകയാണ്. കേരളത്തിലെ പ്രമുഖ മാധ്യമങ്ങൾ ഇതിനെക്കുറിച്ചെല്ലാം സർവ്വേ നടത്തിയില്ലേ? മലയാള മനോരമ, മാതൃഭൂമി, ദീപിക തുടങ്ങിയ എല്ലാ പത്രങ്ങളും കേരളത്തിൽ നടന്ന അഴിഞ്ഞാട്ടത്തെക്കുറിച്ചും ഗുണ്ടാവിളയാട്ടത്തെക്കുറിച്ചും ഇവിടെ പറഞ്ഞില്ലേ? സർക്കാരിന്റെ കണ്ണു തുറക്കണ്ടേ; ഇതിനെക്കുറിച്ച് എന്തെങ്കിലും നടപടി എടുക്കാൻ തയ്യാറാകണ്ടേ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഏറ്റവും പരിചയമുള്ള ഒരു വ്യക്തിയും നിങ്ങൾക്കെല്ലാവർക്കും വളരെ കൃത്യമായി അറിയാവുന്നതുമായ ശ്രീമതി ഭാഗ്യലക്ഷ്മിയുടെ ഒരു ഇന്റർവ്യൂവാണ് ഈ മലയാളം വാരികകയ്യുകത്തുള്ളത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജയിപ്പിക്കുന്നതിന്; ഈ ബെഞ്ചിലിരുന്നയാളുകളെ ട്രഷറി ബെഞ്ചിലെത്തിക്കുന്നതിന് ശ്രമിച്ചിട്ടുള്ള ശ്രീമതി ഭാഗ്യലക്ഷ്മി ചോദിക്കുന്നു - മുഖ്യമന്ത്രിക്ക് എന്തുകൊണ്ട് ഇതിനൊന്നും സമയമില്ലായെന്ന്. അവർ ചോദിക്കുന്ന ചോദ്യത്തിന് ഉത്തരമുണ്ടോ? അവർക്ക് ഒരു ഉത്തരവും കിട്ടുന്നില്ല. അവരെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുവേണ്ടി പ്രയത്നിച്ചവരാണ്. അവിടെ നിന്ന്

ശബ്ദമുണ്ടാക്കുന്നയാളുകളോട് എനിക്ക് ഒരു വാക്കേ പറയാനുള്ളൂ. നിങ്ങളോർക്കുക, നിങ്ങളെങ്ങനെയാണ് നിങ്ങളായത്. അതാണ് പ്രധാനപ്പെട്ട ചോദ്യം. ആ ചോദ്യത്തിന് ഒരു ഉത്തരവുമില്ല. കാഞ്ഞിരപ്പള്ളിയിൽ പോലീസിന്റെ കണ്ണു കുത്തിപൊട്ടിച്ചില്ലേ, ഞാൻ അവിടെ പോയിരുന്നതാണ്. മണിമല പോലീസ് സ്റ്റേഷനിൽ പോലീസുകാരെ തല്ലി. പൊൻകുന്നം പോലീസ് സ്റ്റേഷൻ അക്രമിച്ചു. തൊട്ടടുത്ത മറ്റൊരു പോലീസ് സ്റ്റേഷൻ അക്രമിച്ചു. എന്തു നടപടിയുണ്ടായി? നടപടിയെടുത്ത ഡിവൈ.എസ്.പി.യെ അവിടെനിന്നും സ്ഥലംമാറ്റി. ഈ ക്രൂരമായ സംഭവങ്ങൾ കേരളത്തിന്റെ ക്രമസമാധാന രംഗത്ത് ആഴത്തിൽ മുറിവേൽപ്പിച്ചിരിക്കുന്നതുകൊണ്ടാണ് അതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. അതുകൊണ്ട് പിടിവാശി ഉപേക്ഷിച്ച് സാധാരണഗതിയിൽ പറയുന്ന ശരാശരി മറുപടി പറയാതെ ഈ കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസ്ഥാനത്തെ ആഭ്യന്തര വകുപ്പ് ഒരു കാലത്ത് കൈകാര്യം ചെയ്ത വ്യക്തിയാണ്. അദ്ദേഹം ഇവിടെ ഉന്നയിച്ചതിൽ പലതും ശരിയായ വസ്തുതകളല്ല. ഇവിടെ സർക്കാർ സ്വീകരിക്കുന്ന നടപടികൾ മറച്ചുവയ്ക്കാനാണ് അദ്ദേഹം വലിയ

താല്പര്യം കാണിച്ചിട്ടുള്ളത്. അദ്ദേഹം ആദ്യമേതന്നെ ഉന്നയിച്ച ഒരു കാര്യം, ജയിലിലുള്ളവരുടെ പട്ടിക തയ്യാറാക്കുമ്പോൾ അതിനകത്ത് വാടകക്കൊലയാളികളെ ഒഴിവാക്കിയിട്ടുണ്ടോ എന്നതാണ്. ഞാൻ ആദ്യം പറഞ്ഞ കൂട്ടത്തിൽ മാനദണ്ഡങ്ങൾ പറഞ്ഞതാണ്, അതിൽ വാടകക്കൊലയാളികളാണ് ആദ്യമുള്ളത്. യഥാർത്ഥത്തിൽ ഇത്തവണ ശിക്ഷായിളവ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചപ്പോൾ ആദ്യം സ്വീകരിച്ചത് ഞങ്ങൾക്ക് തൊട്ടുമുമ്പുള്ള സർക്കാർ പൂർത്തിയാക്കാതെവച്ച ഒരു നടപടിയായിരുന്നു. അവിടെ നിന്നാണ് ഞങ്ങൾ തുടങ്ങുന്നത്. കഴിഞ്ഞ സർക്കാരിന്റെ 05-08-2015-ലെ മന്ത്രിസഭായോഗം സ്വാതന്ത്ര്യദിനത്തിൽ സംസ്ഥാനത്തെ ജയിലുകളിൽ ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നവർക്ക് ശിക്ഷ ഇളവ് ചെയ്ത് വിടുതൽ നൽകുന്നത് സംബന്ധിച്ച് ഒരു തീരുമാനമെടുത്തു. ആ തീരുമാനമിങ്ങനെയാണ് - കുറിപ്പിലെ നിർദ്ദേശങ്ങൾ പരിഗണിച്ചു. സംസ്ഥാനത്തെ ജയിലുകളിൽ ജീവപര്യന്തം തടവ് അനുഭവിക്കുന്നവരിൽ യഥാർത്ഥ ശിക്ഷാ കാലയളവായ പതിനാലോ അതിൽ കൂടുതൽ വർഷങ്ങളോ ശിക്ഷ അനുഭവിച്ചവർ, 75 വയസ്സ് പൂർത്തിയായവർ, ക്യാൻസർ, വൃക്ക സംബന്ധമായ ഗുരുതരമായ അസുഖം ബാധിച്ചവർ എന്നിവരെ ഈ സ്വാതന്ത്ര്യദിനത്തിൽ ശിക്ഷ ഇളവുചെയ്ത് വിടുതൽ ചെയ്യുന്നതിന് പരിഗണിക്കുവാൻ തീരുമാനിച്ചു. ഓരോ കേസും പ്രത്യേകം പ്രത്യേകം

പരിശോധിച്ച് ബഹുമാനപ്പെട്ട ഗവർണർക്ക് ശിപാർശ സമർപ്പിക്കുവാൻ അഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു. സൽസ്വഭാവം കാഴ്ചവച്ച തടവുകാർക്ക് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ശിക്ഷ ഇളവ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലും ആഭ്യന്തര വകുപ്പ് 12-08-2015-ൽ കൂടുന്ന മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്. ഇതാണ് 05-08-2015-ലെ തീരുമാനം. അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല അംഗീകരിച്ച കുറിപ്പോടെ ഇത് 12-08-2015-ലെ മന്ത്രിസഭായോഗത്തിനു മുന്നിൽ വന്നു. ആ യോഗത്തിൽ ചില മാനദണ്ഡങ്ങൾ അന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതിലും ഏറെക്കുറെ ഈ പറഞ്ഞ മാനദണ്ഡങ്ങൾ തന്നെയാണുള്ളത്. സർക്കാർ അംഗീകരിച്ച് ഇളവ് നൽകാൻ തീരുമാനിച്ചതിൽനിന്ന് പ്രത്യേകിച്ച് ഒരു തരത്തിലുള്ള മാനദണ്ഡവ്യതിയാനവും ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ടി. പി. ചന്ദ്രശേഖരൻ കേസിൽപ്പെട്ടവർ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നാണ് അദ്ദേഹമിവിടെ ഉന്നയിച്ചത്. അക്കാര്യം എനിക്ക് കൃത്യമായി പറയാൻ കഴിയുന്നതല്ല. എന്നാൽ ഒരു കാര്യം, സാധാരണനിലയ്ക്ക് അദ്ദേഹത്തിന് മനസ്സിലാകും. കാരണം അദ്ദേഹം അഡ്വക്കേറ്റ് കൂടിയാണ്; എന്നെപ്പോലെയല്ല. അഡ്വക്കേറ്റായതുകൊണ്ട് അദ്ദേഹത്തിന് നിയമപരിജ്ഞാനമുണ്ട്. സി.ആർ.പി.സി. 432, 433(A) പ്രകാരം ജീവപര്യന്തം

ശിക്ഷയനുഭവിക്കുന്ന തടവുകാർക്ക് ശിക്ഷായിളവ് നൽകുന്നതിന് 14 വർഷത്തെ യഥാർത്ഥ ശിക്ഷ പൂർത്തിയാക്കുന്നതിന് നിബന്ധനയുണ്ട്. ടി.പി. ചന്ദ്രശേഖരൻ വധകേസിലെ പ്രതികൾക്ക് ഈ ഇളവ് ലഭിക്കണമെങ്കിൽ 14 വർഷം പൂർത്തിയാകണ്ടേ? ആ 14 വർഷം ഇതുവരെ പൂർത്തിയാക്കപ്പെട്ടിട്ടില്ലല്ലോ. അപ്പോൾ ഈ കാലയളവ് പൂർത്തിയാക്കുന്നില്ല എന്നതാണ് വസ്തുത. പ്രസ്തുത ലിസ്റ്റ് ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. എന്നാൽ പൊതുന്യായം എന്ന നിലയ്ക്ക് ഞാൻ പറയുന്ന കാര്യം ഇതുമാത്രമാണ്. ഇവിടെ സ്ത്രീപീഡനക്കേസിന്റെ കാര്യത്തിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും ഈ സർക്കാരിനില്ല. ഇത് പഴയ കാലമല്ല. പഴയ കാലത്തിൽ നിന്നും വ്യത്യാസം വന്നിട്ടുണ്ട്. ഓർമ്മയില്ലേ ശ്വേതാ മേനോനെ. അന്ന് ശ്വേതയുടെ മൊഴിയെന്തായിരുന്നു? ഈ സമൂഹം അംഗീകരിക്കുന്ന; നല്ലതുപോലെ അറിയാവുന്ന ഒരു നടിയല്ലേ അവർ? കൈ ഇങ്ങനെ പോകുന്നത് പരസ്യമായി ദൃശ്യമാധ്യമങ്ങളിലൂടെ ആളുകൾ കാണുകയല്ലേ. അന്ന് എന്തെങ്കിലും നടപടി എടുക്കാൻ തയ്യാറായോ. ഈ പറഞ്ഞ ശ്വേതയ്ക്ക് എതിരെയല്ലേ യൂത്ത് കോൺഗ്രസുകാർ പ്രകടനം നടത്തിയത്. എന്തൊരു അപമാനകരമായ സംഭവമാണ്. അപ്പോൾ അതൊന്നുമല്ല ഈ കാലം. ഈ കാലത്ത് ശക്തമായ നടപടി സർക്കാർ സ്വീകരിക്കുന്നുണ്ടെന്നതാണ് വസ്തുത. ഒരു തരത്തിലുമുള്ള ഇളവും

അക്കാര്യത്തിൽ ഉണ്ടാവില്ല. ഇവിടെ അദ്ദേഹം വിവിധ കാര്യങ്ങൾ ഉദ്ധരിക്കുകയുണ്ടായി. എല്ലാ കേസ്സുകളിലും ശക്തമായ നടപടിയാണ് എടുത്തുകൊണ്ടിരിക്കുന്നത്. മഹാരാജാസ് കോളേജിൽ പ്രിൻസിപ്പലിന്റെ കസേര കത്തിച്ചതിനെ അതീവ ഗൗരവമായാണ് സർക്കാർ കണ്ടിട്ടുള്ളത്. അതിനെതിരെ ശക്തമായ നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കോളേജിന്റെ അന്തരീക്ഷം നിലനിർത്തുക എന്നത് ഏറ്റവും പ്രധാനം തന്നെയാണ്. ആ നിലപാട് തന്നെയാണ് സർക്കാരും സ്വീകരിച്ചിട്ടുള്ളത്. ഇത്തരം ആളുകളെ അംഗീകരിക്കാൻ സാധാരണ നിലയിൽ ഒരു സംഘടനയും തയ്യാറായിട്ടില്ല. അവിടെ ആ സംഭവത്തിന് ഉത്തരവാദികളായവരെ ഉത്തരവാദപ്പെട്ട വിദ്യാർത്ഥി സംഘടനകൾ തന്നെ പുറത്താക്കാൻ തയ്യാറായി. അതൊരു വസ്തുതയല്ലേ. അവരെ സംരക്ഷിക്കാൻ വേണ്ടി പ്രകടനം നടത്തുകയല്ല ചെയ്തത്. ഡി.ജി.പി. ശ്രീ. ടി. പി. സെൻകുമാറിന്റെ വീട്ടിൽ മാർച്ച് നടത്തുന്ന കാര്യം അദ്ദേഹം പറഞ്ഞതായി എനിക്ക് തോന്നി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇന്ന് രാവിലെ എല്ലാ ദൃശ്യ-മാധ്യമങ്ങളിലും ഡി.ജി.പി., ശ്രീ. ടി. പി. സെൻകുമാറിന്റെ ജീവന് സുരക്ഷാ ഭീഷണിയുണ്ടെന്നുള്ള വാർത്ത വന്നതാണ്. അങ്ങ് അക്കാര്യം പരിശോധിച്ചാൽ മതി.

<u>ശ്രീ. പിണറായി വിജയൻ</u>: ശ്രീ. ടി. പി. സെൻകുമാർ പഴയ പിടിയിലില്ല വിട്ടുപോയി. ഇപ്പോൾ ഇങ്ങോട്ടായി പിടിത്തം. അത് ഓർമ്മ വേണം. പഴയ നില തന്നെ ശ്രീ. ടി. പി. സെൻകുമാർ സ്വീകരിക്കുകയാണെന്ന ധാരണയിൽ നിൽക്കരുത്. ആ നില മാറി. പുതിയ താവളം ശ്രീ. ടി. പി. സെൻകുമാർ നോക്കുകയാണ്. അത് മറക്കണ്ട. അതിന്റെ ഭാഗമായുള്ള ആക്ഷേപങ്ങൾ ഉന്നയിക്കാൻ അദ്ദേഹം തയ്യാറായിട്ടുണ്ട്. സംസ്ഥാനത്തെ ഡി.ജി.പി. എന്ന നിലയിലല്ല അദ്ദേഹം സംസാരിക്കുന്നതും പ്രവർത്തിക്കുന്നതും. അതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിനെ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ തെറ്റായ കാര്യങ്ങൾ സംസാരിക്കുകയാണ്. നിങ്ങൾ ആരെങ്കിലും പറഞ്ഞാൽ അത് രാഷ്ട്രീയമായി പറയുന്നതാണെന്ന് കണക്കാക്കാം. അദ്ദേഹം ഒരു ഉദ്യോഗസ്ഥനാണ്. പക്ഷെ, നിങ്ങളെക്കാൾ കടുത്ത രാഷ്ട്രീയം..... നിങ്ങൾക്ക് വേണ്ടിയല്ല ഇപ്പോഴുള്ളത്; നിങ്ങളുടെ കയ്യിലല്ല ഇപ്പോൾ നിൽക്കുന്നത്; മറ്റ് ആളുകളുടെ കയ്യിലായി; അത് ഓർമ്മിക്കണം എന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. അദ്ദേഹം പറഞ്ഞ, ഇത്തരമൊരു അവസ്ഥ കേരളത്തിലില്ല. ഡി.ജി.പി. എന്ന നിലയിൽ അദ്ദേഹത്തിന് മാന്യമായ സ്ഥാനം ഞങ്ങൾ കൊടുത്തിട്ടുണ്ട്. നേരത്തേ ഡി.ജി.പി.ക്ക് ഇവർ കൊടുത്ത മാന്യമായ ചില സ്ഥാനങ്ങളുണ്ട്. അതേപോലെയുള്ള മാന്യമായ സ്ഥാനം

തന്നെയാണ് ഞങ്ങളും കൊടുക്കാൻ തയ്യാറായിട്ടുള്ളത്.

ജിഷ്ണുപ്രണോയിയുടെ കാര്യത്തിൽ ഈ സർക്കാർ എത്ര വേഗത്തിലാണ് കാര്യങ്ങൾ നടത്തിയതെന്ന് ആലോചിക്കണം. ആ സംഭവം നടന്ന ഉടൻ, (ആരുടെയും നിർദ്ദേശം വരുന്നതിന് മുമ്പ്) അന്വേഷണം നടത്താനായി പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു. ആ പ്രത്യേക അന്വേഷണ സംഘം കാര്യങ്ങൾ അന്വേഷിക്കാൻ പുറപ്പെട്ടു. ആ കുടുംബത്തിന് പറ്റിയത് വലിയ നഷ്ടം തന്നെയാണ്. അത് ഒന്നുകൊണ്ടും നികത്താൻ കഴിയുന്നതല്ലായെന്നുള്ളത് ഉറപ്പാണ്. പക്ഷെ, സർക്കാരിന്റെ ആശ്വാസ നടപടിയെന്ന നിലയിൽ, ആ സംഭവം ഉണ്ടായ ഉടനെ ഞങ്ങൾ ആ കുടുംബത്തിന് താൽക്കാലിക സമാശ്വാസം എന്ന നിലയിൽ (ഒന്നും പകരമല്ലായെന്നുള്ള ധാരണയിൽ തന്നെയാണ്) പത്ത് ലക്ഷം രൂപ നൽകാൻ തീരുമാനിച്ചു. അതും ആരും ആവശ്യപ്പെട്ടിട്ടില്ല. ആ ദൗർഭാഗ്യകരമായ സംഭവം ഉണ്ടായതിന്റെ തൊട്ടടുത്ത ദിവസമാണ് ഞങ്ങൾ തിരുമാനിക്കുന്നത്. കോഴിക്കോട് ജില്ലയിലുള്ള ബഹുമാന്യനായ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. ടി. പി. രാമകൃഷ്ണൻ അവിടെ പോയി കൊടുക്കുകയും ചെയ്തു. അവർക്ക് സ്വാഭാവികമായുള്ള മനോവേദനയുണ്ട്. ആ വേദന അത്ര പെട്ടെന്ന് മാറുന്നതല്ല. അവരുടെ വേദനയുടെ ഭാഗമായി പല കാര്യങ്ങളും പറയുന്നുണ്ട്. അതിനനുസരിച്ചുള്ള നടപടികളാണ്

സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഒരു ഘട്ടത്തിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറുടെ സേവനം വേണമെന്ന് അവർ ആവശ്യപ്പെട്ടു. സാധാരണ നിലയിൽ വിചാരണ തുടങ്ങുന്ന സമയത്താണ് സ്പെഷ്യൽ പ്രോസിക്യൂട്ടറുടെ സേവനം കൊടുക്കുന്നത്. അത് എല്ലാവർക്കുമറിയാം. ഇത് ആവശ്യപ്പെട്ട ഉടനെ, നാല് ദിവസം കഴിഞ്ഞപ്പോൾ, (നാല് ദിവസം കഴിഞ്ഞപ്പോഴാണ് ഞങ്ങളുടെ മുമ്പിൽ പേപ്പർ വരുന്നത്) തന്നെ അനുവദിച്ചുകൊടുത്തു. ഇതൊക്കെ ചെറിയ കാര്യമാണോ? എത്ര വേഗത്തിലാണ് കാര്യങ്ങൾ നീങ്ങിയത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ പറഞ്ഞുതരുന്നത് കേട്ട് അങ്ങ് പരിശോധിക്കാതെ എല്ലാ കാര്യങ്ങളും പറയരുത്. ഞങ്ങൾ ശ്രീ. ഉദയഭാനുവിന് എത്ര കേസ്സുകൾ കൊടുത്തിട്ടുണ്ട്. ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പബ്ലിക് പ്രോസിക്യൂട്ടറായി എത്ര ദിവസം മുമ്പ് നിയമിച്ചിട്ടുള്ളതാണ്. ഇതൊന്നും ഒരു പുതിയ കാര്യമല്ല.

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറഞ്ഞത് അദ്ദേഹം തെറ്റിദ്ധരിച്ചതാണ്. സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കുന്നത് പുതിയ കാര്യമല്ല. സ്പെഷ്യൽ പ്രോസിക്യൂട്ടറെ സാധാരണ എത്രയോ കേസ്സുകളിൽ നിയമിക്കാറുണ്ട്,

മുമ്പും നിയമിച്ചിട്ടുണ്ട്, ഞങ്ങളുടെ കാലത്തും അവരുടെ കാലത്തും നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ പ്രോസിക്യൂട്ടറെ കേസിന്റെ ചാർജ് ഷീറ്റ് കൊടുക്കുന്നതിന് മുമ്പ്, കേസിന്റെ ആരംഭഘട്ടത്തിൽ തന്നെ ഇക്കാര്യം ചെയ്തതിനെക്കുറിച്ചാണ് ഞാൻ പരാമർശിച്ചത്. സാധാരണ നിലയിൽ ഒരു പെറ്റീഷൻ വന്നാൽ, ആ പെറ്റീഷന്റെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ ബഹുമാനപ്പെട്ട മുൻ ആഭ്യന്തരവകുപ്പുമന്ത്രിക്ക് അറിയാം. ഇക്കാര്യത്തിൽ അഭിപ്രായം അറിയാനായി പെറ്റീഷൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് അയച്ചുകൊടുക്കും. അതിനുശേഷം അതിന്റെ റിപ്പോർട്ട് തരണം. ഇതെല്ലാം കാലതാമസം വരുന്ന കാര്യമാണ്. എല്ലാവർക്കും ഈ കേസിനെ പറ്റി അറിയാം. ഇതിനൊന്നും കാത്തുനിൽക്കാതെ അതിവേഗതയിൽ ചെയ്തുകൊടുക്കുകയാണ് ചെയ്തത്. അത് ഈ കേസിന്റെ പ്രത്യേകത കൊണ്ടാണ്. ആ പ്രത്യേകതയ്ക്ക് അനുസരിച്ച് ഞങ്ങൾ കാര്യങ്ങൾ ചെയ്തുവെന്നുള്ളതാണ് വസ്തുത. അക്കാര്യം അദ്ദേഹം മനസ്സിലാക്കിയിട്ടില്ലായെന്നാണ് തോന്നുന്നത്.

സദാചാരഗുണ്ട ചമഞ്ഞ് സ്വീകരിക്കുന്ന നടപടികൾ സർക്കാർ ഗൗരവമായി തന്നെയാണ് കാണുന്നത്. അനീഷ് ആത്മഹത്യ ചെയ്യാൻ ഇടയായ സംഭവം ദൗർഭാഗ്യകരം തന്നെയാണ്. അതിലും ഫലപ്രദമായ നടപടിയാണ് സർക്കാർ

സ്വീകരിച്ചുവരുന്നത്. ഒരുതരത്തിലുള്ള അലംഭാവവും അക്കാര്യത്തിൽ ഉണ്ടായിട്ടില്ല. കർക്കശമായ നടപടി ഇത്തരം ആളുകൾക്കെതിരെ സ്വീകരിക്കുക തന്നെ ചെയ്യും. അത് സ്വീകരിച്ചുകൊണ്ടിരിക്കുന്നുണ്ട്.

നിങ്ങൾ എങ്ങനെയാണ് നിങ്ങളായതെന്ന് ഓർമ്മ വേണമെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. ഞങ്ങൾ എങ്ങനെയാണ് ഞങ്ങളായതെന്ന് നല്ലതുപോലെ ഓർത്തുകൊണ്ടാണ് ഞങ്ങളിരിക്കുന്നത്. ഞങ്ങളെ ഞങ്ങളാക്കിയവരെ ഒരിക്കലും മറന്നുകൊണ്ടുള്ള നിലപാട് ഈ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകില്ല. അത് പൂർണ്ണമായും ഉൾക്കൊണ്ടുതന്നെയാണ് ഞങ്ങൾ നടപടികൾ സ്വീകരിക്കുന്നത്. അതുകൊണ്ട് തന്നെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം, ഗുണ്ടാ പ്രവർത്തനം, മറ്റ് തരത്തിലുള്ള അതിക്രമങ്ങൾ തുടങ്ങിയ കാര്യങ്ങൾക്കെല്ലാം എതിരെ അതിശക്തമായ നടപടി ഈ സർക്കാർ സ്വീകരിക്കുകയാണ്, തുടർന്നുകൊണ്ടിരിക്കുകയാണ്. ഗുണ്ടകൾക്കെതിരെ ശക്തമായ നടപടിയാണ് സ്വീകരിക്കുന്നത്. അതിൽ ഒരുതരത്തിലുള്ള വിട്ടുവീഴ്ചയും ഉണ്ടാകില്ല. ഒരു വ്യത്യാസം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും.

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഒരുപാട് ആക്ഷേപങ്ങൾ 'കാപ്പ ആക്ട് ' ചുമത്തുന്ന കാര്യത്തിൽ ഉണ്ടായതാണ്. എന്നാൽ ഇപ്പോൾ കാപ്പ

ച്ചമത്തുന്നതിനെപ്പറ്റി വലിയ ആക്ഷേപങ്ങളൊന്നും ഉയർന്നവന്നിട്ടില്ല. കാരണം രാഷ്ട്രീയ കേസ്സുകൾക്ക് ഇത് ബാധകമാക്കാൻ പാടില്ലായെന്ന് ആ നിയമത്തിൽ തന്നെ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. എന്നാൽ രാഷ്ട്രീയ കേസുകൾക്കായിരുന്നു നേരത്തെ ഇത് ബാധകമാക്കിയിരുന്നത്. അങ്ങനെയുള്ള സംഭവം ഞങ്ങൾ സ്വീകരിക്കുന്നില്ല. യഥാർത്ഥ ഗുണ്ടകൾ, അവർ ഗുണ്ടകളാണ്, അവരെ ഗുണ്ടകളായി കണ്ടുകൊണ്ടുള്ള കടുത്ത നടപടി ഈ സർക്കാർ സ്വീകരിക്കുക തന്നെ ചെയ്യും. അതുകൊണ്ടുതന്നെ ഇത് ഒരു അടിയന്തരപ്രമേയമായി ചർച്ച ചെയ്യേണ്ട യാതൊരു ആവശ്യകതയും ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സ്പീക്കർ സർ, ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഗുണ്ടകളുടെ സ്വന്തം നാടായി മാറിക്കഴിഞ്ഞിരിക്കുകയാണ്. കേരളത്തിൽ ഗുണ്ടാരാജ് ആണ് നടന്നുകൊണ്ടിരിക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട ഒരു വിഷയത്തിനും മുഖ്യമന്ത്രി മറുപടി

പറഞ്ഞില്ല. കേരളത്തിലെ പ്രമുഖങ്ങളായ എല്ലാ ദിനപത്രങ്ങളും വായിച്ചുനോക്കിയാൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഗുണ്ട, സദാചാര ഗുണ്ടകൾ, സാമൂഹ്യ വിരുദ്ധന്മാർ, ക്വട്ടേഷൻ സംഘങ്ങൾ, ഹിസ്റ്ററി ഷീറ്റേഴ്സ് ഇവരെല്ലാം ജനങ്ങളുടെ ജീവിതത്തെ പന്താടുന്നതായി നമുക്ക് കാണാൻ കഴിയും. കേരളത്തിൽ എട്ട് മാസത്തിനിടയിൽ 1.75 ലക്ഷം ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തുവെന്നാണ് മലയാള മനോരമ പറയുന്നത്.

ഈ ഗവൺമെന്റിന്റെ കാലത്ത് പോലീസ് സ്റ്റേഷനിൽ ആളുകൾക്ക് പോകാമെന്നും അതുകൊണ്ടാണ് കേസ് രജിസ്റ്റർ ചെയ്യുന്നതെന്നുമാണ് മുഖ്യമന്ത്രി പറയുന്നത്. എറണാകുളത്ത് രണ്ട് ചെറുപ്പക്കാരെ പിടിച്ചുകൊണ്ടുപോയി അവരുടെ വസ്ത്രങ്ങൾ മുഴുവൻ മാറ്റി ലോക്കപ്പിലിട്ട് മർദ്ദിച്ചു എന്ന സംഭവത്തിന്റെ പേരിൽ ശ്രീ. ഹൈബി ഈഡന് പോലീസ് സ്റ്റേഷനുമുമ്പിൽ സത്യാഗ്രഹം ഇരിക്കേണ്ടിവന്നു. ആളുകൾക്ക് പോലീസ് സ്റ്റേഷനിൽ പോകാൻ യാതൊരു പ്രയാസവുമില്ലെന്നും സൗഹൃദപരമായി പോകാമെന്നുമാണ് മുഖ്യമന്ത്രി പറയുന്നത്. പിടിച്ചുകൊണ്ടുപോകുന്ന പ്രതികളെപ്പോലും ലോക്കപ്പിലിട്ട് ഭീകരമായി മർദ്ദിച്ചതിന്റെ പേരിൽ സ്ഥലം എം.എൽ.എ. ആയ ശ്രീ. ഹൈബി ഈഡന് പോലീസ് സ്റ്റേഷനുമുമ്പിൽ സത്യാഗ്രഹം ഇരിക്കേണ്ടിവന്നു. പോലീസ് കംപ്ലയിന്റ്

അതോറിറ്റിയുടെ ചെയർമാൻ ജസ്റ്റിസ് ശ്രീ. നാരായണക്കുറുപ്പിന് പോലീസ് സ്റ്റേഷൻ സന്ദർശിക്കേണ്ടിവന്നു. ഇതാണോ പോലീസ് സ്റ്റേഷനിൽ സൗഹൃദമായ അന്തരീക്ഷമെന്ന് മുഖ്യമന്ത്രി പറഞ്ഞത്.

ഒൻപത് മാസത്തിനുള്ളിൽ 175000 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. 18 കൊലപാതകങ്ങളുണ്ടായി. സ്ത്രീ സുരക്ഷയെപ്പറ്റി മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇവിടെ സ്ത്രീകൾക്ക് രക്ഷയില്ലാത്ത അവസ്ഥയാണ്. അതിക്രമങ്ങൾ വല്ലാതെ വർദ്ധിക്കുന്നു. ബലാത്സംഗങ്ങൾ 1085, പ്രായപൂർത്തിയായ കുട്ടികളെ പീഡിപ്പിച്ചത് 620, സ്ത്രീകളെ അപമാനിക്കൽ 2690 എന്നിങ്ങനെ കണക്കുകൾ പോകുന്നു. സംസ്ഥാനത്തിന്റെ ക്രമസമാധാന നില അനുദിനം വഷളാവുകയാണ്. എന്റെ മണ്ഡലത്തിൽ മാത്രം ക്വട്ടേഷൻ സംഘങ്ങൾ രണ്ട് കൊലപാതകങ്ങൾ നടത്തി. എന്റെ മണ്ഡലവുമായി ചേർന്നുകിടക്കുന്ന കായംകുളത്തും ഒരു ക്വട്ടേഷൻ കൊലപാതകം. കാർത്തികപ്പള്ളി താലൂക്കിൽ മാത്രം ഒന്നര ആഴ്ചയ്ക്കുള്ളിൽ മൂന്ന് കൊലപാതകങ്ങൾ. ഇതെല്ലാം ക്വട്ടേഷൻ സംഘങ്ങൾ നടത്തുന്നതാണ്. പോലീസ് ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ?

ഗുണ്ടാ വിളയാട്ടത്തെപ്പറ്റി ഇവിടെ പറഞ്ഞു. കൊച്ചിയിലുണ്ടായ ഗുണ്ടാ വിളയാട്ടം. ബഹുമാന്യനായ മുഖ്യമന്ത്രിക്കുവേണ്ടി ശ്രീ. എ. കെ. ബാലൻ അന്ന്

പറഞ്ഞത് പ്രതികളാരാണെങ്കിലും അവർക്കെതിരെ നടപടിയെടുക്കുമെന്നാണ്. സക്കീർ ഹുസൈന്റെയും കറുകപ്പള്ളി സിദ്ദിഖിന്റെ കാര്യവും ഇവിടെ പറഞ്ഞു. കേരളത്തിൽ ഗുണ്ടാ-മാഫിയ സംഘങ്ങൾ അരങ്ങേറുന്നതിന്റെ ഏറ്റവും വലിയ നേർക്കാഴ്ചയാണ് നാം എറണാകുളത്ത് കണ്ടുകൊണ്ടിരിക്കുന്നത്. വെള്ളറടയിൽ കടയടച്ച് വീട്ടിലേയ്ക്ക് പോകുകയായിരുന്ന വ്യാപാരിയെയും ബന്ധുവിനെയും പതിനെട്ട് അംഗ സംഘം വെട്ടി പരിക്കേല്പിച്ചു. ഒരു നടപടിയുമില്ല. സദാചാര ഗുണ്ടകൾ ഇവിടെ അരങ്ങ് തകർക്കുകയാണ്. യൂണിവേഴ്സിറ്റി കോളേജിൽ തന്റെ സുഹൃത്തിനെ കാണാനെത്തിയ വിജേഷ് എന്ന യുവാവിനെ എസ്.എഫ്.ഐ. പ്രവർത്തകർ ക്രൂരമായി മർദ്ദിച്ചു. സുഹൃത്തുക്കളായ പെൺകുട്ടിയെ മർദ്ദിച്ചു. മർദ്ദനം ഏറ്റവർക്കെതിരെ ജാമ്യമില്ലാ വകുപ്പനുസരിച്ച് കേസ്സെടുത്തു. പക്ഷേ കുറ്റവാളികൾക്ക് സ്വൈര്യമായി വിഹരിക്കാനുള്ള അവസരമുണ്ടാക്കി. കോഴിക്കോട് മടപ്പള്ളി കോളേജിൽ എസ്.എഫ്.ഐ. പ്രവർത്തകർ സദാചാര ഗുണ്ടകളായി മാറി. നടപടിയില്ല. നിലമ്പൂരിൽ മാതൃഭൂമി മാദ്ധ്യമ പ്രവർത്തകനെയും സഹോദരനെയും സുഹൃത്തിനേയും സദാചാര ഗുണ്ടകൾ ആക്രമിച്ചു. പോലീസിൽ പരാതിപ്പെട്ടപ്പോൾ ബലാത്സംഗം ചെയ്തിട്ടുണ്ടെങ്കിൽ കേസ്സെടുക്കാമെന്നാണ് പോലീസ് പറയുന്നത്. എന്താണ് പോലീസ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതാണോ സൗഹൃദമായ പോലീസ്

എന്ന് മുഖ്യമന്ത്രി പറഞ്ഞത്. ആർക്കും പരാതി കൊടുക്കാമെന്ന് പറഞ്ഞത് ഇതാണോ?

കൊല്ലം അഴീക്കലിൽ നടന്നത് കേരളത്തെ ഞെട്ടിപ്പിച്ച സംഭവമാണ്. Valentine's Day-ൽ അട്ടപ്പാടിയിൽ ഒരു യുവാവും യുവതിയും ഒരുമിച്ചിരുന്ന സമയത്താണ് അവിടെ ഒരു കൂട്ടം ആളുകൾ ചെന്ന് അവരെ ഭീഷണിപ്പെടുത്തി ഫോട്ടോ എടുത്ത് പീഡിപ്പിക്കാൻ ശ്രമിച്ചത്. അതിൽ മനംനൊന്താണ് ആ യുവാവ് ആത്മഹത്യ ചെയ്തത്. തിരുവനന്തപുരത്ത് കനകക്കുന്നിൽ ഒരു യുവതിയുടെ തോളിൽ ഒരു യുവാവ് കൈ ഇട്ടുവെന്ന് പറഞ്ഞുകൊണ്ട് പിങ്ക് പോലീസ് അവരെ പീഡിപ്പിക്കാൻ ശ്രമിച്ചു. ആ സന്ദർഭത്തിൽ അവർ പരാതികൊടുത്തിട്ട് നടപടിയുണ്ടായില്ല. കൊഴിഞ്ഞാംപാറയിൽ പത്തൊമ്പതുകാരിയായ ദളിത് യുവതിയെ സദാചാര പോലീസ് ചമഞ്ഞ് തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചു. ആലപ്പുഴയിൽ ഭ്രട്ടാൻ സ്വദേശിയായ ഒരു യുവതിയെ പീഡിപ്പിച്ചു. ഒരു നടപടിയും ഉണ്ടായിട്ടില്ല. ആലപ്പുഴയിൽ ഒരു സിനിമാനടിക്കുനേരെ ഒരു ഹോട്ടലിലുണ്ടായ സംഭവം മാദ്ധ്യമങ്ങളിൽ വന്നു. നടപടിയുണ്ടാകുന്നില്ല. ഇതുപോലെ നിരവധി കേസുകളാണ്.

യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോട്ടയത്തെ എസ്.എം.ഇ. സ്കൂളിൽവച്ച്

പട്ടാപ്പകൽ പെട്രോൾ ഒഴിച്ച് ഒരു പെൺകുട്ടിയെ തീ കൊളുത്തി കൊന്ന ഒരു നിഷ്ഠുരമായ സംഭവമുണ്ടായത് എന്റെ നിയോജക മണ്ഡലത്തിലാണ്. നിരപരാധിയായ ആ കുട്ടിക്കുനേരെയുണ്ടായ അക്രമം ഈ സംസ്ഥാനത്തല്ലേ നടന്നത്. നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കും സ്വൈരമായി നടക്കാൻ കഴിയാത്ത അവസ്ഥയാണ്. ഇതാണ് യാതൊരു പ്രശ്നവുമില്ലായെന്നും മുൻകാലങ്ങളെപ്പോലെയല്ലായെന്നും മുഖ്യമന്ത്രി പറഞ്ഞത്. അത് പൂർണ്ണമായും ഞാൻ അംഗീകരിക്കുന്നു. പണ്ടുണ്ടായതിനേക്കാൾ ഇരട്ടി അക്രമസംഭവങ്ങളും കൊലപാതകങ്ങളും സ്ത്രീ പീഡനങ്ങളും കേരളത്തിൽ നടക്കുകയാണ്. അങ്ങ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഫോർട്ട് കൊച്ചി കടപ്പുറത്ത് കുടുംബത്തോടെവന്ന യുവാവിനെ പോലീസ് ഭീകരമായി മർദ്ദിച്ചു. എറണാകുളത്തെ സി.പി.ഐ. (എം)-ന്റെ ബ്രാഞ്ച് കമ്മിറ്റി സെക്രട്ടറിയാണ് അദ്ദേഹം. പോലീസിന്റെ മനോവീര്യം തകർക്കുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ലായെന്ന് മുഖ്യമന്ത്രി പറഞ്ഞു. പോലീസിന്റെ മനോവീര്യം നിലനിർത്താൻ പാവപ്പെട്ട ജനങ്ങളെ ഭീതിയിലാഴ്ത്തരുതെന്നാണ് മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദൻ പറഞ്ഞത്. ഇവിടെ വസ്തുതകളെന്താണ്? നമ്മുടെ സംസ്ഥാനത്ത് ക്വട്ടേഷൻ സംഘങ്ങൾ

അഴിഞ്ഞാടുകയാണ്.

കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയെന്നുള്ളതുകൊണ്ട് നിങ്ങൾ നിർത്തിവയ്ക്കേണ്ട ഒരു പദ്ധതിയായിരുന്നില്ല ഓപ്പറേഷൻ സുരക്ഷ. ഞാൻ അങ്ങേയ്ക്ക് ഒരു ലെറ്റർ തന്നിരുന്നു. രണ്ട് ലക്ഷത്തിലധികം ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധന്മാരെയും അറസ്റ്റുചെയ്ത കേരളാ പോലീസിന്റെ ഏറ്റവും നല്ലൊരു പരിപാടിയായിരുന്നു അത്. ഓപ്പറേഷൻ കുബേര എറ്റവും നല്ല പരിപാടിയായിരുന്നു. ഗുണ്ടകളെയും സാമൂഹ്യവിരുദ്ധന്മാരെയും അറസ്റ്റ് ചെയ്യാൻ ഏറ്റവും ഫലപ്രദമായി നടത്തിയ ഒരു പരിപാടിയായിരുന്നു അത്. ഞങ്ങൾ കൊണ്ടുവന്നുവെന്ന് കരുതി നിങ്ങൾ അത് നിർത്തിവയ്ക്കേണ്ട ആവശ്യമല്ലായിരുന്നു. സമൂഹത്തിൽ ജനങ്ങളെ ഭീഷണിപ്പെടുത്തുന്ന ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധന്മാരെയും അമർച്ച ചെയ്യാൻ ഈ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകേണ്ടതായിരുന്നു എന്നാണ് ഗവൺമെന്റിനോട് എനിക്ക് പറയാനുള്ളത്.

ഒരു ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ടെന്ന് അങ്ങിവിടെ പറഞ്ഞു. ആ സമിതികൾക്ക് പ്രവർത്തിക്കാൻ കഴിയുന്നില്ല. 'ഗുണ്ടകൾക്കുമുമ്പിൽ വാല് ചുരുട്ടി പോലീസ്' എന്ന് കേരളകൗമുദി ദിനപത്രത്തിൽ വന്ന വാർത്തയാണ്. ജില്ലയിൽ നിത്യേന ഇരുപതിലേറെ ഗുണ്ടാ

മാഫിയാ ആക്രമണ കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അതെല്ലാം പോലീസ് ഒതുക്കുകയാണെന്നാണ് പറയുന്നത്. ജില്ലാതലത്തിൽ ഒരു എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും സംസ്ഥാന തലത്തിൽ ഒരു എസ്.പി.-ക്ക് ചുമതല കൊടുത്തിട്ടുണ്ടെന്നുമൊക്കെ അങ്ങ് പറഞ്ഞല്ലോ. ഇവർക്കൊന്നും ഫലപ്രദമായി യാതൊരു പ്രവർത്തനവും നടത്താൻ കഴിയുന്നില്ലെന്നുള്ളതാണ് ഗ്രൗണ്ട് റിയാലിറ്റി. ഒന്നുകിൽ മുഖ്യമന്ത്രി ഇതൊന്നും അറിയുന്നില്ല. അല്ലെങ്കിൽ മുഖ്യമന്ത്രിയെ ഇക്കാര്യങ്ങൾ അറിയിക്കുന്നില്ല. കേരളാ പോലീസിന്റെ ഭരണത്തിൽ മുഖ്യമന്ത്രിയുടെ പിടി അയയുന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഓരോ ദിവസവും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഈ സംഭവങ്ങൾ. സംസ്ഥാനത്തെ പോലീസിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്രയും ഗുരുതരമായ അവസ്ഥയെ അങ്ങ് കണ്ടില്ലെന്ന് നടിച്ചത് വളരെ ദുഃഖകരമായിപ്പോയി. അങ്ങ് ശ്വേതയെപ്പറ്റിയൊക്കെ പറഞ്ഞു. നിയമസഭയിലെ ഒരു എം.എൽ.എ.യ്ക്ക് ഉണ്ടായ അനുഭവം കൈരളിയിൽ വന്നതൊന്നും ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നില്ല.

സ്ത്രീ സുരക്ഷയ്ക്കുവേണ്ടി നിലകൊണ്ടിട്ടുള്ള സംസ്ഥാനമാണ് കേരളം. നമ്മുടെ

സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുണ്ടാകുന്ന അതിക്രമങ്ങൾ, സാമൂഹ്യവിരുദ്ധന്മാരുടെ അഴിഞ്ഞാട്ടങ്ങൾ, സദാചാര ഗുണ്ടകളുടെ അഴിഞ്ഞാട്ടങ്ങൾ, ക്വട്ടേഷൻ സംഘങ്ങൾ അരങ്ങ് തകർക്കുന്നു ഇതൊന്നും കണ്ടില്ലെന്ന് നടിക്കുന്ന ഗവൺമെന്റിന്റെ നടപടിക്കെതിരെ അതിശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ഇതിനെ നിയന്ത്രിക്കാൻ ഗവൺമെന്റ് തയ്യാറാകണം. തയ്യാറാകുന്നില്ലെന്ന് മാത്രമല്ല പോലീസിന്റെ ഈ നിഷ്ക്രിയത്വത്തെ മുഖ്യമന്ത്രി ന്യായീകരിക്കുകയാണ്. മുഖ്യമന്ത്രി അവരെ സംരക്ഷിക്കുകയാണ്. പ്രതികളെ സംരക്ഷിക്കാൻ ശ്രമിക്കുന്നു. തടവുകാരിൽ അനാവശ്യമായി കാപ്പ ചുമത്തുന്നില്ലെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അത് ശരിയാണ്. കണ്ണൂർ ജില്ലയിലൊന്നും ഇപ്പോൾ കാപ്പ പോയിട്ട് കേസുപോലും അവരുടെ പേരിൽ എടുക്കുന്നില്ല. ഇത് അപകടകരമായ ഒരു കാര്യമാണ്. രാഷ്ട്രീയ സംരക്ഷണം സാമൂഹ്യവിരുദ്ധന്മാർക്കും ക്വട്ടേഷൻ സംഘങ്ങൾക്കും നൽകിയാൽ അതിന്റെ ഫലം ദുരന്തമായിരിക്കും. കാപ്പ ചുമത്തുന്നതിന് നിയമങ്ങളുണ്ടെന്ന്

ഗവൺമെന്റിനോട് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ ഏത് ഗവൺമെന്റ് ഭരിച്ചാലും രാഷ്ട്രീയപ്രവർത്തകരുടെ പേരിൽ അനാവശ്യമായി കാപ്പ ചുമത്തുകയില്ലെന്ന് ഞാൻ ആഭ്യന്തരമന്ത്രിയായിരുന്നപ്പോൾ ഈ സഭയിൽ പറഞ്ഞു. പക്ഷേ കാപ്പ ചുമത്തേണ്ട സാമൂഹ്യവിരുദ്ധന്മാരുടെ പേരിൽ അന്ന് കാപ്പ ചുമത്തിയിട്ടുണ്ട്. അതുകൊണ്ടാണ് കേരളത്തിലെ ക്രമസമാധാനം നിലനിന്നത്. അങ്ങയുടെ ഈ പ്രസ്താവന കേരളത്തിലെ ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധന്മാർക്കും പ്രേരണയാകുമോയെന്ന് ഞാൻ ഭയപ്പെടുകയാണ്. കുറ്റകൃത്യങ്ങൾ ചെയ്താൽ അവരുടെ പേരിൽ കാപ്പ ചുമത്തില്ലെന്ന നിലപാട് ഗവൺമെന്റ് എടുക്കാൻ പാടില്ല. അത് കേരളത്തിന് അപകടകരമാണെന്നാണ് എനിക്ക് പറയുവാനുള്ളത്. നമ്മളൊക്കെ രാഷ്ട്രീയ പ്രവർത്തകരാണ്. രാഷ്ട്രീയത്തിൽ ക്രിമിനൽ സ്വഭാവമുള്ളവരുണ്ടാകും. അവരെ രാഷ്ട്രീയത്തിന്റെ കണ്ണാടിയിലൂടെ കാണാതെ അവർ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അവരെ മാതൃകാപരമായി ശിക്ഷിക്കാനുള്ള ഉത്തരവാദിത്തം സർക്കാരിനും പോലീസിനുമുണ്ട്. അവർക്ക് രാഷ്ട്രീയ സംരക്ഷണം കൊടുക്കുന്ന നടപടിയായിപ്പോയി ഇന്ന് മുഖ്യമന്ത്രിയുടെ പ്രസംഗമെന്ന്

പറയുന്നതിൽ ഇനിക്ക് അതിയായ ഖേദമുണ്ട്. സംസ്ഥാനം ഗുണ്ടകളുടേയും സാമൂഹ്യവിരുദ്ധന്മാരുടേയും കേന്ദ്രമായി മാറുമ്പോഴും ഗവൺമെന്റ് അനങ്ങാതിരിക്കുന്നു, നിഷ്ക്രിയമായിരിക്കുന്നു. കേരളത്തിലെ ക്രമസമാധാനനില അനുദിനം വഷളായി വരുന്നു. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ഇത് ചർച്ച ചെയ്യാൻപോലും തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, അതീവഗുരുതരമായ ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ളത്. ഇന്നലെയും ഇന്നും ഇവിടെ ചർച്ച ചെയ്ത പ്രമേയങ്ങൾ ഭീതിദമായ സംഭ്രമജനകമായ ഒരു സാമൂഹിക അന്തരീക്ഷമാണ് അനാവരണം ചെയ്തിട്ടുള്ളത്. ഇത് ഏതെങ്കിലും ഒരു മുന്നണിയുടെ പ്രശ്നമാണ് എന്ന മട്ടിൽ മുഖ്യമന്ത്രി ഇന്നലെയും ഇന്നും മറുപടി പറഞ്ഞത് വളരെയധികം നിർഭാഗ്യകരമാണ് അപലപനീയമാണ്. കാരണം ഇവിടെ സ്ത്രീസുരക്ഷ എന്നുപറയുന്നത് നമ്മുടെ അഭിമാനവുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്. സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യങ്ങൾ ഗുണ്ടാസംഘങ്ങൾ

ഏറ്റെടുക്കുന്ന ഭയാനകമായ ഒരു സാഹചര്യം വരുമ്പോൾ ഇത്രയധികം കക്ഷിരാഷ്ട്രീയം കുത്തിനിറയ്ക്കാൻ എങ്ങനെയാണ് മുഖ്യമന്ത്രിക്ക് ആയതെന്ന് എനിക്ക് ഒരിക്കലും മനസ്സിലാക്കാൻ കഴിയുന്നില്ല. സത്യത്തിൽ കുറ്റവാളികൾക്ക് അനുകൂലമായ ഒരു സാഹചര്യം വന്നു എന്നൊരു തോന്നലാണ് ഇപ്പോൾ വന്നിരിക്കുന്നത്. കുറ്റവാളികൾക്ക് അനുകൂലമായി സംസാരിക്കുന്ന ഒരു സ്വരം എങ്ങനെ ഈ സംസ്ഥാനത്തിന് സ്വീകരിക്കാനാകും? ഇരകൾക്കുവേണ്ടിയല്ല വാദിക്കുന്നത്. ഇവിടെ ആളുകൾ അഭിമാനം നഷ്ടപ്പെട്ട് ജീവിക്കുമ്പോൾ ഗുണ്ടാസംഘങ്ങൾ വിളയാട്ടം നടത്തുകയും അവരുടെ എണ്ണം നാൾക്കുനാൾ പെരുകുകയും ചെയ്യുന്നു. എത്ര ഭീതിദമായ ഒരു അന്തരീക്ഷമാണ് ഈ സംസ്ഥാനത്ത് വന്നുകൊണ്ടിരിക്കുന്നത്. സംസ്കാരസമ്പന്നമെന്നും വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്ന സംസ്ഥാനമെന്നും പറയുന്ന നമ്മുടെ നാട്ടിലാണ് നിർഭാഗ്യകരമായ രീതിയിൽ ഇത്തരം കാര്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. നമുക്കറിയാം, ട്രെയിനിൽ ഒരു അക്രമമുണ്ടായി; പിന്നെ പെരുമ്പാവൂരിലും അക്രമമുണ്ടായി അതുപോലെ സിനിമാനടിക്ക് നേരെയും അക്രമമുണ്ടായി. ഇത് എന്താണ്? ഇന്നലെ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രധാനപ്പെട്ട വീഥികളിലാണ് ഈ സംഭവം ഉണ്ടാകുന്നത്. ഇത് സർക്കാരിനെതിരായ കുറ്റപത്രമല്ല; മറിച്ച്, നമ്മൾ ഈ രംഗത്ത്

വീഴ്ചവരുത്തിയിരിക്കുന്നുവെന്ന് വളരെ വ്യക്തമായിരിക്കെ മുഖ്യമന്ത്രി ഇന്നലെ സംസാരിച്ചപ്പോൾ ഡൽഹിയിലെ സംഭവം വരെ പരാമർശിച്ചു. സത്യം പറഞ്ഞാൽ ഞങ്ങൾക്ക് അപമാനം തോന്നി. ഇവിടെ സ്ത്രീസുരക്ഷയെപ്പറ്റി സംസാരിക്കുമ്പോൾ അക്രമങ്ങൾക്കെതിരായി സംസാരിക്കുമ്പോൾ അത് മറച്ചുപിടിക്കാൻ പണ്ട് എന്തോ സംഭവം നടന്നുവെന്നാണോ പറയേണ്ടത്? ഇവിടെ ഭീതിദമായൊരു അന്തരീക്ഷമുണ്ടായി. അതിനൊരു പ്രധാന കാരണം ഈ കൊലപാതകം നടക്കുമ്പോൾ ആ കൊലപാതകത്തിന്റെ പിന്നിൽ പ്രത്യേകിച്ച് രാഷ്ട്രീയ കൊലപാതകങ്ങളാണെങ്കിൽ ഒരു ഭാഗത്ത് മാർക്സിസ്റ്റ് പാർട്ടിയാണ്. സ്വാഭാവികമായും എത്ര സമർത്ഥരായ പോലീസുകാരാണെങ്കിലും ഓഫീസർമാരാണെങ്കിലും സംഭവിക്കാൻ പോകുന്നത് ഒരു ഭാഗത്ത് സി.പി. എം-ന്റെ ആളുകളാണെന്ന അവസ്ഥ വരുമ്പോൾ പോലീസ് ഈ രീതിയിൽ പെരുമാറുന്നതിൽ നമ്മളെല്ലാവരും ഭീതിയാണ് കാണിക്കേണ്ടത്; നമ്മൾ ആശങ്കപ്പെടേണ്ട സാഹചര്യമാണ്. ആ സമയത്ത് ഒരു പക്ഷപാതപരമായ നിലപാടിന് സഹായകമായ രീതിയിൽ താങ്കളിൽ നിന്ന് ചില പരാമർശങ്ങൾ വന്നിട്ടുള്ളത് സൂചിപ്പിക്കേണ്ടിവന്നതിൽ എനിക്ക് വളരെയധികം വേദനയുണ്ട്. സത്യത്തിൽ കേരള സംസ്ഥാനത്ത് ഇങ്ങനെ സംഭവിക്കാൻ പാടില്ലാത്തതാണ്. ഈ

കുറ്റകൃത്യങ്ങൾ പാടെ അവസാനിപ്പിച്ച് ഇത് ഹരിശ്ചന്ദ്രന്മാരുടെ സംസ്ഥാനമാക്കി മാറ്റാൻ കഴിയുമെന്നല്ല ഞാൻ പറയുന്നത് മറിച്ച്, എണ്ണം പെരുകുന്നുവെന്ന യാഥാർത്ഥ്യം താങ്കൾ എന്തിനാണ് മറച്ചുപിടിക്കുന്നത്? ഇവിടെ കൊലപാതകങ്ങൾ വർദ്ധിക്കുന്നുവെന്ന യാഥാർത്ഥ്യം താങ്കൾ എന്തിനാണ് മറച്ചുപിടിക്കുന്നത്? സാന്റിയാഗോ മാർട്ടിനെപ്പോലെയുള്ള ആളുകൾ വീണ്ടും രംഗത്തുവരുന്ന യാഥാർത്ഥ്യം ആർക്കാണ് മറച്ചുപിടിക്കാൻ കഴിയുന്നത്? ഇവിടെ വന്നിട്ടുള്ള സാഹചര്യം എന്താണെന്നുവച്ചാൽ, കുറ്റവാളികൾക്ക് സംരക്ഷണം ലഭിക്കും എന്നൊരു തോന്നൽ അറിഞ്ഞോ അറിയാതയോ സർക്കാർ നയത്തിന്റെ ഭാഗമായിട്ടാണെങ്കിലും അല്ലെങ്കിലും വന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ ഉത്തരവാദപ്പെട്ട ഒരു പ്രതിപക്ഷം ഭരണപക്ഷത്തോടു പറയുന്നത് ഈ സംസ്ഥാന നന്മയെ കരുതിയാണ്. അല്ലാതെ ഞങ്ങൾക്ക് രാഷ്ട്രീയം പറയാൻ വേണ്ടിയല്ല. അതുകൊണ്ടാണ് ഈ പ്രമേയം ഇന്നലെയും ഇന്നും ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. രണ്ടുസമയത്തുമുള്ള മുഖ്യമന്ത്രിയുടെ മറുപടി രേഖകൾ പരിശോധിക്കണം. നാളെ നമ്മുടെ നാട്ടിൽ ഇത് ഗവേഷണം ചെയ്യുന്ന ആളുകൾ, താങ്കളുടെ ഇന്നലത്തെയും ഇന്നത്തെയും മറുപടി രേഖകളിലുണ്ട്. ആ രേഖകൾ ഇവിടെ ഉയർത്തിയ ശബ്ദത്തിന് അനുകൂലമല്ല; നിർഭാഗ്യകരമാണ് ആ സംഭവം;

ഇവിടെയും ചർച്ച ചെയ്യേണ്ടതായിരുന്നു. മറ്റു സംസ്ഥാനങ്ങളെ ആക്ഷേപിക്കേണ്ട കാര്യം നമുക്കില്ല. മറ്റുസംസ്ഥാനങ്ങളെക്കാൾ ഭിന്നമായി അന്തഃസ്സായി ജീവിക്കാൻ പരിശ്രമിക്കുന്ന ഒരു സംസ്ഥാനമാണിത്. അതിന് നിരവധി ഘടകങ്ങളുണ്ട്. എല്ലാ കക്ഷികളും എല്ലാ നേതാക്കന്മാരും പരിശ്രമിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ ഒരു കാര്യം പറയാം, നിർഭാഗ്യവശാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം പോലീസ് ഓഫീസർമാർ നിലപാട് മാറുകയാണ്. എന്തിനാണ് നിലപാട് മാറുന്നത്? ഞങ്ങളെപ്പോലെയുള്ളവർ ഒരിക്കലും തെറ്റായ കാര്യത്തിന് കൂട്ട് നിൽക്കാറില്ല. ഞങ്ങൾ ഒരിക്കലും അനാവശ്യമായി പോലീസിൽ ഇടപെടാറില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം പോലീസ് ഉദ്യോഗസ്ഥന്മാർ എന്തുകൊണ്ടോ ഒരു ഭാഗത്ത് സി.പിഎം. ആണെങ്കിൽ മറുഭാഗത്ത് അന്യായം അവർ അനുഭവിക്കണമെന്ന മട്ടിലാണ് കാര്യങ്ങൾ പോകുന്നത്. ഇത് താങ്കൾ തിരുത്തണം. താങ്കൾക്ക് ഞാൻ കത്ത് തന്നിരുന്നുവെന്ന് താങ്കൾക്ക് അറിയാം. രണ്ടുവട്ടം ഒരു വിഷയത്തെക്കുറിച്ച് ഞാൻ കത്ത് തരേണ്ടിവന്നു; ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതിന്റെ അർത്ഥമെന്താണെന്നുവച്ചാൽ, കക്ഷിരാഷ്ട്രീയം വല്ലാതെ നമ്മളെ സ്വാധീനിക്കുന്നു. എനിക്ക് കക്ഷിയുണ്ട്, ഞാൻ മുസ്ലീം ലീഗിന്റെ പ്രവർത്തകനാണ്. എന്നാൽ എന്റെ കക്ഷിയെക്കാൾ വലുതാണ് എന്റെ സംസ്ഥാനം, എന്റെ രാജ്യം. അതുകൊണ്ട് ഈ

കക്ഷി രാഷ്ട്രീയത്തിന്റെ ഇടുങ്ങിയ ചിന്തകൾക്കപ്പുറം ഈ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ അവസാനിപ്പിക്കാനും ഗുണ്ടായിസം പെരുകിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനുംവേണ്ടി നമുക്ക് ഒരുമിച്ച് പോകേണ്ടതുണ്ട്. ആ രംഗത്ത് താങ്കളുടെ ഇന്നലെത്തെയും ഇന്നത്തെയും മറുപടിയുടെ രേഖകൾ പരിശോധിച്ചാൽ നിർഭാഗ്യകരമാണ്, അപലപനീയമാണ്. ഇവിടെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷി അംഗങ്ങളും പുറത്തേക്കു പോകുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. റ്റി. എ. അഹമ്മദ് കബീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്ത് പോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, സംസ്ഥാനത്ത് ഗുണ്ടാസംഘങ്ങൾ പെരുകുന്നുവെന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. അത് എത്രമാത്രം ന്യായീകരിച്ചാലും അതിന് കാരണങ്ങൾ കണ്ടെത്തിയാലും ആ യാഥാർത്ഥ്യത്തിൽ നിന്ന് നമുക്ക് ഒളിച്ചോടാൻ കഴിയില്ല. ഇവിടെ ക്വട്ടേഷൻ സംഘങ്ങൾ, അവരുടെ പ്രവർത്തനങ്ങൾ നടത്തുന്നത് ഏതെങ്കിലും പ്രത്യേക നഗരം കേന്ദ്രീകരിച്ചല്ല. ഇന്ന് ഗ്രാമ പ്രദേശങ്ങളിൽപ്പോലും ക്വട്ടേഷൻ സംഗങ്ങളും ഗുണ്ടാ മാഫിയകളും ശക്തമായ സാന്നിദ്ധ്യം അറിയിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം

1,75,000-ത്തോളം കേസുകൾ രജിസ്റ്റർ ചെയ്തുവെന്നുള്ള റിപ്പോർട്ടുകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്ക് ഗവൺമെന്റ് ശക്തമായ നടപടികൾ എടുക്കുന്നുവെന്ന് പറയുമ്പോൾ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ മാത്രം മൂവായിരത്തിൽപ്പരം കേസുകൾ ഔദ്യോഗികമായി രേഖപ്പെടുത്തിയിരിക്കുന്നു. ഗവൺമെന്റ് ഒരു ഭാഗത്തുകൂടി നടപടികളെടുക്കുന്നുവെന്ന് പറയുമ്പോൾ മറുഭാഗത്ത് ഇത്തരത്തിലുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നുവെന്നത് ഒരു വസ്തുതയായി നമ്മുടെ മുന്നിൽ നിൽക്കുകയാണ്. ഇവിടെയിരിക്കുന്ന സഭാംഗങ്ങൾക്ക് ഓർമ്മയുണ്ടാകും, ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ക്വട്ടേഷൻ സംഘങ്ങളുടെ ശക്തമായ വേരോട്ടം ഹൈവേകളിൽ ഉണ്ടായതും പോൾ മുത്തൂറ്റ് വധക്കേസിൽ 'S' കത്തി ഉൾപ്പെടെയുള്ള വിവാദങ്ങൾ ഈ സഭ ചർച്ച ചെയ്ത സന്ദർഭങ്ങളും ഓർക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ഒരു പ്രമുഖ നടിക്ക് ഹൈവേയിൽ തന്നെ അത്തരത്തിലുള്ള അപമാനം വീണ്ടും ഏല്ക്കേണ്ടി വന്നുവെന്ന് പറയുമ്പോൾ നമ്മുടെ നിരത്തുകൾ പോലും സുരക്ഷിതമല്ലാത്ത സാഹചര്യത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, സദാചാര ഗുണ്ടായിസം മറ്റൊരു വിഭാഗം, സദാചാര ഗുണ്ടായിസത്തിന്റെ വിഭാഗത്തിൽ പോലീസും

ഭാഗമായിപ്പോയിയെന്നത് ചില റിപ്പോർട്ടുകളും പോസ്റ്റുകളുമൊക്കെ ഫെയ്സ് ബുക്കുകളിലൊക്കെ ഉയർന്നുവരികയാണ്. പോലീസുകാരുപോലും സദാചാര ഗുണ്ടായിസത്തിന് മുതിരുന്ന സാഹചര്യം ഇന്ന് കേരളത്തിലുണ്ടെന്നു പറയുമ്പോൾ തീർച്ചയായും ഇത്തരത്തിലുള്ള കാര്യങ്ങളിൽ ഗവൺമെന്റ് വളരെ ഗൗരവമായി ഇടപെടണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. അതോടൊപ്പംതന്നെ പ്രതികളെ വിട്ടയയ്ക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ സൂചിപ്പിച്ചു, അത് സർക്കാരിന്റെ വിവേചനാധികാരമാണെന്ന്. ആ വിവേചനാധികാരം അതിന്റെ അർത്ഥത്തിൽ വിനിയോഗിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. എന്തായാലും ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്ത് പോയി.)

ശ്രീ. കെ. എം. മാണി: സർ, നമ്മുടെ സംസ്ഥാനം ക്രിമനലുകളുടെ താവളമായി മാറുകയാണ്. അത് ഒട്ടും ഭൂഷണമല്ല, അഭിമാനകരമല്ല. ഇന്ന് ക്രമിനലുകൾ വിഹരിക്കുകയാണ്. അത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ലെങ്കിൽ അപകടത്തിലേയ്ക്ക് നീങ്ങും എന്നുള്ളതിന് യാതൊരു

സംശയവുമില്ല. സ്ത്രീകൾക്കുപോലും രക്ഷയില്ല. അടുത്തകാലത്ത് സിനിമാനടിയെ ആക്രമിച്ച സംഭവങ്ങളൊക്കെ നമുക്കറിയാം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. നമ്മുടെ ക്രമസമാധാനനില തകർന്നുകൊണ്ടിരിക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാണണമെന്നാണ് എനിക്ക് പറയുവാനുള്ളത്. വാസ്തവത്തിൽ ഗവർണ്ണറാണ് നമ്മുടെ സംസ്ഥാനത്തെ രക്ഷിച്ചത്. 880 തടവുകാരെ കൂടെ പുറത്തേയ്ക്ക് വിട്ടിരുന്നുവെങ്കിൽ നമ്മുടെ അവസ്ഥ എന്താകുമായിരുന്നു? അനർഹർ കടന്നുകൂടിയെന്നു പറഞ്ഞാണ് ഗവർണ്ണർ ആ ഫയൽ മടക്കിയത്. നമ്മുടെ ഗവൺമെന്റിന് നാണക്കേടല്ലേ അത്? അനർഹരായ ആളുകൾ കടന്നുകൂടിയെന്ന് പറഞ്ഞ് ഗവർണ്ണർ ഫയൽ മടക്കി. വിവേചനാധികാരമാണെന്ന് മുഖ്യമന്ത്രി പറയുന്നു. സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുള്ള നോംസ് ലംഘിച്ചുകൊണ്ട് ഇടതുപക്ഷ മാർക്സിസ്റ്റ് സഹയാത്രികരെ രക്ഷിക്കുന്നതിനുവേണ്ടി അനർഹരായ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഗവർണ്ണർക്ക് ഫയൽ അയച്ചപ്പോൾ ഗവർണ്ണർ അത് മടക്കി അയച്ചു. നീതിനിഷ്ഠയുള്ളൊരു ഗവൺമെന്റാണോ ഇവിടെ ഭരിക്കുന്നത്? നമുക്ക് നീതി നടപ്പിലാക്കണം. അതാണ് നമുക്കാവശ്യമായിട്ടുള്ളത്. ആർക്കും നീതി നിഷേധിക്കാൻ പാടില്ല, നീതി നടപ്പിലാക്കുകയും വേണം. നീതിയുള്ളൊരു ഗവൺമെന്റായിരിക്കണം നമ്മുടേത്. അതുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്. ഇന്ന് നടക്കുന്ന ഗുണ്ടാ

രാജിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്ക് ഔട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. ഒ. രാജഗോപാൽ: ബഹുമാനപ്പെട്ട സ്പീക്കർ, നമ്മുടെ സംസ്ഥാനത്തിലെ നിയമസമാധാന പ്രശ്നം വളരെ ഗുരുതരായി വരുന്നുവെന്നത് കേരളത്തിലെ സാഹചര്യത്തെ വിലയിരുത്തുന്ന നിഷ്പക്ഷമതികളായ ആർക്കും പകൽപോലെ വ്യക്തമാകുന്നൊരു കാര്യമാണ്. ക്രിമിനലുകളെ വിട്ടയയ്ക്കുകയെന്നത് മാത്രമല്ല ഞങ്ങളെ ഞങ്ങളാക്കിയവർക്ക് ഞങ്ങൾ പരിഗണന നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ അർത്ഥം ഞങ്ങൾക്ക് വോട്ട് ചെയ്തിട്ടുള്ള ആൾക്കാർക്ക് എന്തും ചെയ്യാം നിയമം അവർക്ക് ബാധകമല്ല, അവർക്കെതിരായി പോലീസ് മേധാവികൾ എന്തെങ്കിലും നിയമ നടപടിയെടുത്താൽ അവരെപോലും ഞങ്ങൾ വിടില്ലെന്ന് തെളിയിക്കുന്ന തരത്തിലുള്ള പ്രസ്താവനയാണ്. പോലീസ് വകുപ്പിൽ വളരെ ഉന്നതസ്ഥാനം വഹിക്കുന്ന ശ്രീ. ടി. പി. സെൻകുമാർ ഒരു പ്രസ് കോൺഫറൻസിലല്ല സുപ്രീംകോടതിയിൽ കൊടുത്ത പരാതിയിൽതന്നെ പറയേണ്ടിവന്നിരിക്കുന്നത് മാർക്സിസ്റ്റുകളായ ചില ക്രിമിനലുകൾക്കെതിരെ

നടപടിയെടുക്കാൻ മുന്നോട്ട് വന്നതിന്റെ പേരിൽ പകപോക്കാൻ വേണ്ടിയിട്ടാണ് എന്നെ ഇങ്ങനെ ചെയ്യുന്നതെന്ന്. വളരെ ഗൗരവതരമായ കാര്യമാണ്. സർക്കാരിന്റെ ഭാഗത്തുനിന്നും പോലീസ് വളരെ നിഷ്ക്രിയരാണെന്ന് ആരും പറയുകയില്ല. വളരെ സക്രിയമാണ്. മാർക്സിസ്റ്റ് പാർട്ടിയെ എതിർക്കുന്നവരെ പ്രതിപക്ഷത്തിരിക്കുന്നവർ മാത്രമല്ല ഭരണമുന്നണിയിൽപ്പെട്ട ആൾക്കാർ, സി.പി.ഐ. ആകട്ടെ, മറ്റു പല പാർട്ടികളുമാകട്ടെ അവരുടെ ആൾക്കാർക്കെതിരായിട്ടും ഇത്തരത്തിലുള്ള പക്ഷപാത പരമായ, വിവേചനപരമായ ഒരു സമീപനമാണ് സ്വീകരിക്കുന്നതെന്ന് അവർക്ക് പരസ്യമായി പറയാൻ വിഷമമുണ്ടെങ്കിലും എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സാഹചര്യങ്ങൾ വളരെ ഗുരുതരമാണ്. ഇതിലും വളരെ ഗുരുതരമായിട്ടുള്ള കാര്യം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആൾക്കാരാണ് ഇതിന് ഇരകളായി മാറുന്നതെങ്കിൽ അവർക്ക് അനുഭവിക്കേണ്ടിവരുന്ന ദുരിതം ഏറെയാണ്. അവരുടെ വസ്ത്രം അഴിച്ച് പോലീസ് സ്റ്റേഷനിലിട്ട് മർദ്ദിക്കുന്ന സാഹചര്യമുണ്ടായി. അതുപോലെതന്നെ രണ്ടു ഫസ്റ്റ് ഗ്രേഡ് കോളേജ് പ്രിൻസിപ്പാൽമാർക്കുണ്ടായ അനുഭവത്തെപ്പറ്റിയും സൂചിപ്പിക്കുകയുണ്ടായി. മഹാരാജാസ് കോളേജിന്റെ കാര്യത്തെ സംബന്ധിച്ച്

ആക്ഷൻ എടുത്തുവെന്ന് വിശദീകരണത്തിൽ പറഞ്ഞു. പാലക്കാട് വിക്ടോറിയ കോളേജിലെ 25 കൊല്ലം സർവ്വീസിലുണ്ടായിരുന്ന പട്ടികജാതി വിഭാഗക്കാരിയായിട്ടുള്ള സ്ത്രീ റിട്ടയർ ചെയ്യുന്ന ദിവസം ശവമഞ്ചം സൃഷ്ടിച്ച് അവരെ അപമാനിക്കുന്ന സംഭവമുണ്ടായി. അതിനെപ്പറ്റി ഒരു പരാമർശംപോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായില്ല. ഇതിൽ വളരെ പ്രകടമായിട്ടുള്ള ഒരു വിവേചനം ഉണ്ടായി. എന്റെ സ്വന്തം മണ്ഡലത്തിലെ മുടവൻമുഗൾ എന്ന സ്ഥലത്ത് ആയിഷായെന്ന ഒരു മുസ്ലീം സ്ത്രീ ബി.ജെ.പി.-യുമായി സഹകരിച്ച് പ്രവർത്തിക്കാൻ തയ്യാറായിയെന്നുള്ളതിന്റെ പേരിൽ മാർക്സിസ്റ്റുകാർ വീട് ആക്രമിച്ചു. അതിനെപ്പറ്റി ആക്ഷേപം ഞാൻ പോലീസ് ഉദ്യോഗസ്ഥരോടും പറയുകയുണ്ടായി. അതിന്റെ ഫലമായി അന്ന് രാത്രി വീട്ടിൽ കല്ലേറ് ഉണ്ടായി. ഞങ്ങളെ അധികാരത്തിൽ കയറ്റിയ ആൾക്കാരുടെ കാര്യം സംരക്ഷിക്കാൻവേണ്ടി നിലകൊള്ളുന്നുവെന്ന് പറയുന്നത് തികച്ചും അപമാനകരമാണ്. എല്ലാവർക്കും ഒരുപോലെ നീതി നൽകാൻ ബാദ്ധ്യസ്ഥമാണ് ഈ ഗവൺമെന്റ്. അത് ചെയ്യുന്നില്ലെന്നത് അപമാനാർഹമായ കാര്യമാണ്. എന്നിട്ടും ഇത് ജെസ്റ്റിഫൈ ചെയ്യാൻ ശ്രമിക്കുന്ന കാര്യം വളരെ

നിർഭാഗ്യകരമായിപ്പോയി. അതിൽ പ്രതിഷേധിച്ചിട്ട് ഞാൻ വാക്ക് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)